പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

ആഗസ്റ്റ് 2024



# Pisharody's

CATERING | AUDITORIUM | HERITAGE
RESTAURANTS | EVENT MANAGEMENT




**Pisharody's Veg. Restaurant**
Near Toll Plaza, Paliyekkara
Mob : 9544276600



**Pisharody's Convention Centre**
Near SDAHS, Kanniyampuram,Ottapalam
Mob : 9744477766




**Pisharody's Veg. Restaurant**
Mele Manjalungal, Pattambi
Mob : 9544906600




**Pisharody's Veg. Restaurant**
Near Town Police Station, Guruvayur
Mob : 9544256600



**Pisharody's Heritage**
26th Mile, Kavalappara,
Mob : 9544796600




**Pisharody's Restaurant**
Centre Square Mall, M.G.Road,
Kochi, Mob : 9544456600




**Pisharody's Restaurant**
Kuruppam Road, Thrissur,
Mob : 9544466611

*Plan all your events under one roof !*

Kavalappara, Shornur
97 444 777 66, 95 446 06 600 pisharodyrsunu@gmail.com

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2024 ആഗസ്റ്റ്**

**പുഷ്പം 45 / ദളം 5**

**1199 കർക്കടകം-ചിങ്ങം**



## പത്രാധിപസമിതി

ചീഫ് എഡിറ്റർ:
**ശ്രീമതി എ.പി. സരസ്വതി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. സുരേഷ് ബാബു വിളയിൽ**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. സി.പി. അച്ചുതൻ**
**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**
**ശ്രീ. വി.പി. മുരളീധരൻ**

മാനേജർ: **ശ്രീ. ആർ.പി. രഘുനന്ദനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിത്താര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
Ph : 0487-2384597
e-mail : mail@pisharodysamajam.com

Visit our website :
www.pisharodysamajam.com



വരിസംഖ്യ ഒരു വർഷത്തേക്ക് : 200 രൂപ


"അകലെ വസിയ്ക്കുമ്പോഴും
അകമലരിൽ കരുതേണം
അമ്പലമണിതൻ നാദം
'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്.....4

പ്രതിഫലനം – ദുരിതയാത്ര.....6
എ.പി. സരസ്വതി

റിപ്പോർട്ട് – കഥകളി അരങ്ങേറ്റം.....7

നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ –
ആൾക്കൂട്ടത്തിൽ തനിയെ.....8
ഗോപൻ പഴുവിൽ

കഥ – അപരിചിതർ തൊഴിലാളികൾ.....15
രാജൻ അംബാലയം

ലേഖനം – നാളെ!... നാളെ!... എന്നിങ്ങനെ.....18
ചെറുകര വിജയൻ

യാത്ര – രജ്പുത്താന.....20
മുരളി ആനായത്ത്

കവിത – കണ്ണുനീർ.....22
രാംകുമാർ പെരുവനം

പിഷാരോടിസമാജം വാർഷിക കണക്കുകൾ.....27

ലേഖനം – ലോകത്തിന്റെ മുഖം.....33
രാധാമണി ജി.പി.

ചരിത്രത്തിലൂടെ –
അഖില കേരള പിഷാരോടി സമാജം റിപ്പോർട്ട്.....34
സമ്പാ: അരവിന്ദാക്ഷൻ സേലം

PE & WS വാർഷിക കണക്കുകൾ.....36

വൈവാഹികം.....45

പ്രതികരണം.....47

ശാഖാവാർത്തകൾ.....47

ആദരാഞ്ജലികൾ.....54

## പറഞ്ഞത് അറിഞ്ഞത് അറിയേണ്ടത്

# ആയുരാരോഗ്യസൗഖ്യം

നമ്മൾ കർക്കടകാവസാനത്തിലാണ്. കർക്കടകത്തെ പണ്ട് നമ്മൾ പഞ്ഞമാസമെന്ന് വിളിച്ചു. ദാരിദ്ര്യത്തിന്റെ മാസം. എന്നാൽ ഇപ്പോൾ ഔഷധക്കഞ്ഞി മാസമാണ്. ഒരു വർഷം നമ്മൾ കഴിച്ച ഭക്ഷണ ദോഷങ്ങൾക്ക് പരിഹാരമാകാൻ വിവിധ ഔഷധങ്ങൾ ചേർത്ത കഞ്ഞി കുടിക്കേണ്ടിവരുന്ന കാലം. ഓഗസ്റ്റ് സ്വാതന്ത്ര്യദിനത്തിന്റെ മാസം കൂടിയാണ്. നമ്മുടെ ഭക്ഷണ സ്വാതന്ത്ര്യം ലോക രാജ്യങ്ങളുടെ വിവിധ ഭക്ഷണ രീതികൾ വരെ നമ്മുടെ ഓരോ ഗ്രാമത്തിൽ വരെ എത്തിക്കഴിഞ്ഞു. അറേബ്യൻ ഭക്ഷണവും യൂറോപ്യൻ ഭക്ഷണവുമെല്ലാം ഇന്ന് നാട്ടിൽ എവിടെയും സുലഭം. ബർഗ്ഗറും കുബ്ബൂസും പൊറോട്ടയും കുഴിമന്തിയുമെല്ലാം ആണ് ഇന്ന് നമ്മുടെ തീൻമേശയിലെ വിഐപികൾ. ഇഡ്ഡലിയും മസാലദോശയും കൊടുത്തിരുന്ന വെജിറ്റേറിയൻ ഹോട്ടലുകളിൽ ഇപ്പോൾ ചൈനീസ് ഭക്ഷണം നിർബ്ബന്ധം. കാരണം ഇപ്പോൾ അവയ്ക്കാണ് കൂടുതൽ ആവശ്യക്കാർ എന്നത് തന്നെ. ഒരു മസാല ദോശക്ക് ചട്നി സാമ്പാർ സഹിതം 60 ഓ 70 ഓ രൂപ വിലയുണ്ടെങ്കിൽ ചൈനീസ് കറികൾക്ക് തന്നെ ഒരു പ്ലേറ്റിന് 200 രൂപയിൽ താഴെ വിലയുണ്ട്. പക്ഷെ അത് നമുക്ക് പ്രശ്നമല്ല. ഓരോ രാജ്യത്തിനും അവരുടെ ആരോഗ്യത്തിന്നനുസരിച്ചുള്ള ഭക്ഷണ സംസ്കാരവും രീതിയുമുണ്ട്. ഒരു ഗുണവും ഇല്ലാത്ത വെറും പൊടിയാണ് മൈദ. സാൻഡ്‌വിച്ചും ബർഗറും മുതൽ ഇന്നത്തെ ആധുനിക ഭക്ഷണ രീതിയിൽ ഈ മൈദക്കാണ് പ്രധാന പങ്ക്. പക്ഷെ നമ്മൾ അതിനെ ന്യായീകരിക്കുന്നത് ഇംഗ്ലീഷ്കാരുടെയും അറബികളുടെയും ഭക്ഷണത്തിൽ 90 ശതമാനവും മൈദയാണല്ലോ എന്നാണ്. എന്തായാലും നമ്മുടെ ന്യായീകരണങ്ങൾക്കുള്ള മറുപടി പുത്തൻ പേരുകളിലും അല്ലാതെയും എത്തുന്ന നിരവധി അസുഖങ്ങളുടെ രൂപത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. ജീവിത ശൈലി രോഗങ്ങൾ എന്നൊരു വിഭാഗം തന്നെ ഉടലെടുത്തിട്ട് കുറച്ചു കാലമായി. രാജ്യത്ത് നിന്ന് പൂർണ്ണമായും ഇല്ലാതെയായി എന്ന് നമ്മൾ അഭിമാനിക്കുന്ന കോളറയും മലമ്പനിയുമെല്ലാം തിരിച്ചെത്തി. നാട് രോഗാതുരമായി. നാല്പത് വയസ്സിനും അറുപതു വയസ്സിനും ഇടയിൽ ഉള്ളവരിൽ ഹൃദ്രോഗ മരണങ്ങൾ സാധാരണമാകുന്നു. കാരണം ചൈനയിൽ നിന്നും ഇങ്ങോട്ട് വിരുന്നെത്തിയ കോവിഡ്. ലോകത്തിന്റെ ഏത് മൂലയിൽ ഒരു മഹാരോഗം പൊട്ടിപ്പുറപ്പെട്ടാലും അധികം താമസിയാതെ തന്നെ ഇവിടെയും എത്തുന്നു. അവിടത്തെ ദുരന്തങ്ങൾ അതേ പോലെ ഇവിടെയും ആവർത്തിക്കുന്നു. നാടെങ്ങും പുതിയ ആശുപത്രികൾ ഉണ്ടാകുന്നു. ആ ആശുപത്രികൾ എല്ലാം നിറഞ്ഞു കിടക്കുന്നു. ഓരോ ആശുപത്രിയിലും പുതിയ സെക്ഷനുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അപ്പോഴും നമ്മൾ ഭക്ഷണ സ്വാതന്ത്ര്യത്തെപ്പറ്റി അഭിമാനം കൊള്ളുന്നു.

തുളസീദളത്തിൽ നാല് മാസമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന തടുക്കശ്ശേരി നാരായണ പിഷാരടിയെക്കുറിച്ചുള്ള ലേഖനത്തുടക്കത്തിൽ പ്രശസ്ത കാൻസർ രോഗ വിദഗ്ദനായ ഡോക്ടർ വി.പി. ഗംഗാധരനോട് കാൻസർ വരാതിരിക്കാൻ എന്ത് ചെയ്യണം എന്ന് ഒരാൾ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടിയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. പ്രകൃതിയിൽ നിന്നും ജൈവോൽപ്പന്നങ്ങൾ കൊണ്ട് പാചകം ചെയ്ത ഭക്ഷണം കഴിച്ചാൽ മാത്രം മതി എന്നായിരുന്നു മറുപടി. പ്രകൃതിയെ നമ്മൾ എല്ലാ തരത്തിലും പാടെ മറന്നിരിക്കുന്നു എന്നതല്ലേ ഇന്നത്തെ യാഥാർത്ഥ്യം.

അങ്ങനെ നമ്മൾ മറന്നു കളഞ്ഞ, അല്ലെങ്കിൽ അന്തസ്സിന്റെ പേരിൽ തള്ളിക്കളഞ്ഞ ഒരുപാട് ഗുണങ്ങൾ ഉള്ള ധാന്യങ്ങളും മറ്റും ചേർത്താണ് കർക്കിടകത്തിലെ ഔഷധക്കഞ്ഞി തയ്യാറാക്കുന്നത്. സൂപ്പർമാർക്കറ്റുകളിൽ ഈ സമയത്ത് ഔഷധക്കഞ്ഞിക്കിറ്റുകൾ എന്നൊരു പ്രത്യേക വിഭാഗം തന്നെ ഉണ്ട് എന്നതും ശ്രദ്ധേയം.

ജൂലൈ അവസാനിച്ചത് മറ്റൊരു ദുരന്തക്കാഴ്ചയോടെയാണ്. ജൂലൈ 30 രാവിലെ വയനാട്ടിലുണ്ടായ ഉരുൾപൊട്ടലിൽ സമാനതകളില്ലാത്ത രീതിയിലുള്ള വൻ പ്രകൃതി ദുരന്തവും ആൾ നാശവുമാ

ണ് സംഭവിച്ചിരിക്കുന്നത്. ഈ മഹാദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. അവരുടെ ഉറ്റവരുടെ ദുഃഖത്തിൽ പങ്കുചേരാം. നമ്മളാൽ കഴിയുംവിധം സഹായിക്കാം.

ഓഗസ്റ്റ് 17ന് ചിങ്ങമാസം ഒന്ന്. പുതിയ മലയാള വർഷാരംഭം. ഈ ചിങ്ങം ഒന്നിന് മറ്റൊരു വലിയ പ്രത്യേകതയുണ്ട്. വർഷം 1200. പുതിയ നൂറ്റാണ്ട് ആരംഭിക്കുകയാണ്. മലയാളത്തിന്റെ പന്ത്രണ്ടാം നൂറ്റാണ്ട്. മലയാളനാടിന്റെ, നമ്മുടെ മാതൃഭാഷയുടെ ഇനിയുള്ള നൂറു വർഷങ്ങൾ എങ്ങനെ? കണ്ടറിയേണ്ടിയിരിക്കുന്നു. ഭാവി ശോഭനമാകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

ചിങ്ങം വസന്താഗമം കൂടിയാണ്. ഓണത്തെപ്പറ്റിയുള്ള ചിന്തകൾ തുടങ്ങാറായി. പല ശാഖകളും ആസൂത്രണങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

*എല്ലാവർക്കും സ്വാതന്ത്ര്യ ദിനാശംസകൾ.*

**പത്രാധിപസമിതി**

## എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ





**ആർ. ഹരികൃഷ്ണ പിഷാരടി**
**(പ്രസിഡണ്ട്)**



**കെ. പി. ഗോപകുമാർ**
**(ജനറൽ സെക്രട്ടറി)**

# സെപ്തംബർ ലക്കം ഓണപ്പതിപ്പ്

**തു**ളസീദളം 2024 സെപ്തംബർ ലക്കം ഓണപ്പതിപ്പായി പ്രസിദ്ധീകരിക്കുന്നു. മുൻ വർഷത്തപ്പോലെ മികച്ച രചനകൾ ഉൾപ്പെടുത്തി മുഴുനീള വർണ്ണപ്പതിപ്പായി പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

എല്ലാ ശാഖകളും പരമാവധി പരസ്യങ്ങൾ സംഘടിപ്പിച്ച് ഓണപ്പതിപ്പ് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓണപ്പതിപ്പിലേക്ക് സമുദായാംഗങ്ങളിൽ നിന്നും രചനകളും ക്ഷണിക്കുന്നു. ആശയപരമായും രചനാപരമായും മൂല്യമുള്ളതെന്നും, ഓണപ്പതിപ്പിന് മാറ്റ് കൂട്ടുമെന്നും ആത്മവിശ്വാസമുള്ള സൃഷ്ടികൾ അയച്ചു തരിക. മാറ്ററുകൾ ടൈപ്പ് ചെയ്ത് ഇമെയിൽ വഴിയോ, വാട്ട്സ്ആപ്പ് വഴിയോ, വെള്ളക്കടലാസിൽ വൃത്തിയായി നല്ല കയ്യക്ഷരത്തിൽ എഴുതിയോ അയക്കാവുന്നതാണ്.

രചനകൾ അയക്കേണ്ട വിലാസം: **Email: thulaseedalamedb@gmail.com**
വാട്ട്സ്ആപ്പ് നമ്പർ: **94952 25979 / 73044 70733**

പോസ്റ്റൽ വിലാസം: **Shri. Gopan Pazhuvil, Editor, Thulaseedalam, "Saraswatham", Ikkanda Variyar Road, Edakkunni, P.O. Ollur, Thrissur - 680306.**

**മാനേജർ, തുളസീദളം** **എഡിറ്റർ, തുളസീദളം**

പ്രതിഫലനം



# ഭക്തചൂഡാമണി

എ.പി. സരസ്വതി

**ശ്രീ**രാമദേവന്റെ പ്രത്യേക വാത്സല്യത്തിനു പാത്രീഭൂതനായ ഭക്തചൂഡാമണിയായ ശ്രീ ഹനുമാനാണ് മനസ്സിലിപ്പോൾ തെളിവാർന്നുദിക്കുന്നത്. മഹാഭാഗ്യം!

അഞ്ജനാനന്ദനം വീരം
ജാനകീശോകനാശനം
കപീശമക്ഷഹന്താരം വന്ദേലങ്കാഭയങ്കരം

ദേവഗുരുവായ ബൃഹസ്പതിയുടെ ദാസിയായ പുഞ്ജികസ്ഥലി എന്ന അപ്സരസ്ത്രീക്ക് അദ്ദേഹത്തിൽ കാമമുദിച്ചു. അതിൽ കോപിഷ്ഠനായ അദ്ദേഹം ഒരു വാനരസ്ത്രീയാവട്ടെ എന്നവളെ ശപിച്ചു. പശ്ചാത്താപവിവശയായ അവൾക്ക് കൃപാലുവായ അദ്ദേഹം ശിവാംശഭൂതനായ ഒരു പുത്രനുണ്ടായാൽ ശാപമോക്ഷം ലഭിക്കുമെന്ന് വരവും കൊടുത്തു. പുഞ്ജികസ്ഥലിയാകട്ടെ അഞ്ജന എന്ന വാനരസ്ത്രീയായി പിറന്ന് കേസരി എന്ന വാനരരാജാവിന്റെ പത്നിയായിത്തീർന്ന് ശിവാംശഭൂതനായ പുത്രനെയും പ്രതീക്ഷിച്ച് വ്രതനിഷ്ഠയോടെ ജീവിച്ചുപോന്നു. അക്കാലത്താണ് ശിവപാർവ്വതിമാർ ഒരു കൗതുകത്തിനു വാനരരൂപം ധരിച്ച് കാട്ടിൽ കളിച്ചുകഴിയുന്നത്. ആനയായിട്ടും കാട്ടാളരായിട്ടുമൊക്കെ വേഷം മാറിയിട്ടുള്ളവരാണല്ലോ അവർ. ഏതെങ്കിലുമൊക്കെ ലക്ഷ്യങ്ങൾ അതിലടങ്ങിയിട്ടുമുണ്ടാവും. ക്രമേണ ഗർഭം ധരിച്ച പാർവ്വതിക്ക് ഒരു കുരങ്ങനെ പ്രസവിക്കുന്നതിൽ താൽപര്യമില്ലെന്നറിഞ്ഞ പരമശിവൻ ആ ബീജത്തെ വായുവിലെത്തിക്കുകയും വായു അത് അഞ്ജനയിലെത്തിക്കുകയും ചെയ്തു. അഞ്ജന ആ പുത്രന് ജന്മം കൊടുത്തതോടെ പുഞ്ജികസ്ഥലിയായി സ്വർഗ്ഗം പ്രാപിക്കുകയും ചെയ്തു. കഥകളിലെ ഒരു വൈചിത്ര്യം!

ജനിച്ച ഉടനെത്തന്നെ ആ വാനരബാലൻ ഉദിച്ചുയരുന്ന തുടുത്ത സൂര്യനെ ഒരു പഴമാണെന്നു ധരിച്ച് ഭക്ഷിക്കാനായി സൂര്യനുനേരെ ചാടിയുയർന്നു. സ്വർഗ്ഗം ആക്രമിക്കാനുള്ള ആരുടെയോ വരവാണെന്നു കരുതി ദേവേന്ദ്രനാകട്ടെ തന്റെ വജ്രായുധം കൊണ്ടൊരടി കൊടുത്തു. അടികൊണ്ട് ഹനു (താടിയെല്ല്) പൊട്ടി താഴെ വീണ പുത്രനെ കണ്ട് വായുഭഗവാൻ ദുഃഖിതനും കുപിതനുമായി സ്തംഭിച്ചു നിന്നു. വായുവിന്റെ ചലനം നിന്നപ്പോൾ സർവ്വചരാചരങ്ങളും പ്രാണവായുവില്ലാതെ വിഷമത്തിലായി. കാര്യമറിഞ്ഞ ദേവേന്ദ്രൻ വായുദേവനോട് മാപ്പുചോദിച്ചു. മാത്രമല്ല, കുട്ടിക്ക് പുതിയൊരു ഹനു വെച്ചുകൊടുക്കുകയും ചെയ്തു. വാസ്തവത്തിൽ ആ ബാലൻ ഹനുമാനായത് അപ്പോഴാണ്.

ഹനുമാൻ സൂര്യനിൽ നിന്നാണ് വിദ്യ അഭ്യസിച്ചത്. അതുകൊണ്ടുതന്നെ മഹാപണ്ഡിതനായിരുന്നു. പാണ്ഡിത്യവും പക്വതയും അദ്ദേഹത്തിന്റെ ഓരോ വാക്കിലും പ്രവൃത്തിയിലും നിറഞ്ഞുനിന്നു. ഇന്ദ്രപുത്രനായ ബാലിയെയല്ല സൂര്യപുത്രനായ സുഗ്രീവനെയാണ് അദ്ദേഹം എന്നും സഹായിച്ചതും.

ശ്രീരാമനെ കണ്ടുമുട്ടിയതുമുതലുള്ള കഥകൾ എല്ലാവർക്കും നന്നായി അറിയുന്നതാണല്ലോ. കുട്ടിക്കാലത്ത് മഹാവികൃതിയായിരുന്ന ഹനുമാൻ മഹർഷിമാരുടെ ആശ്രമങ്ങളിൽ ചെന്ന് പല കുസൃതികളും കാട്ടിയിരുന്നതുകൊണ്ട് സ്വന്തം ശക്തിയെക്കുറിച്ചോർമ്മയില്ലാതാവട്ടെ എന്നവർ ശപിച്ചു വത്രെ. അതുകൊണ്ട് സമുദ്രലംഘനത്തിന് ജാംബവാന് ബലത്തെക്കുറിച്ചോർമ്മിപ്പിക്കേണ്ടിവന്നത്. അശ്വത്ഥാമാവ്, മഹാബലി, വേദവ്യാസൻ, വിഭീഷണൻ, കൃപാചാര്യർ, പരശുരാമൻ എന്നിവരെപ്പോലെ ചിരഞ്ജീവിയുമാണദ്ദേഹം. അതുകൊണ്ടുതന്നെ സീതാരാമന്മാരുടെ പുത്രതുല്യനായ അദ്ദേഹം അവരെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട്, ശ്രീരാമമന്ത്രമുരുവിട്ടുകൊണ്ട് നമ്മിലൊരാളായി ഇവിടെയൊക്കെയുണ്ട്, ഭക്തിയുടെ പര്യായമായി, തിളക്കമായി ആ ശ്രീരാമദാസൻ.

# കഥകളി അരങ്ങേറ്റം



**പി**ഷാരോടി സമാജം ആസ്ഥാന മന്ദിരത്തിൽ പ്രഗത്ഭ കഥകളി നടനായ ശ്രീ. കലാനിലയം അനിൽകുമാറിന്റെ നേതൃത്വത്തിൽ നടത്തുന്ന കഥകളി പഠനക്ലാസ്സിലെ വിദ്യാർത്ഥികളുടെ അരങ്ങേറ്റം 14/07/2024 ഞായറാഴ്ച വൈകുന്നേരം അയ്യന്തോൾ കാർത്ത്യായനി ക്ഷേത്രത്തിൽ നിറഞ്ഞ സദസ്സിൽ വച്ച് ഭംഗിയായി നടന്നു.

പിഷാരോടി സമാജം സജീവപ്രവർത്തകനും ഭാഗവത സപ്താഹ ആചാര്യനുമായ ശ്രീ. രാജൻ രാഘവൻ, സമാജം മെമ്പർ ശ്രീമതി സുജാത രാധാകൃഷ്ണൻ എന്നിവർക്കു പുറമെ ശ്രീ. രാമൻ നമ്പൂതിരി, ശ്രീമതി മഞ്ജു മേനോൻ, ശ്രീമതി രമ്യ മാധവൻ, കുമാരി കാവ്യ കെ.എസ്. എന്നിവരാണ് കഥകളി പുറപ്പാട് അരങ്ങേറ്റം നടത്തിയവർ.

അയ്യന്തോൾ കാർത്യായനി ക്ഷേത്രത്തിലെ പ്രതിഷ്ഠാദിനാഘോഷങ്ങളുടെ ഭാഗമായാണ് കഥകളി പുറപ്പാട് അരങ്ങേറ്റവും തുടർന്ന് മേജർ സെറ്റ് കഥകളിയും നടന്നത്.



പുറപ്പാടിന് ശ്രീ. കലാനിലയം രാമകൃഷ്ണനും വളർന്നു വരുന്ന കഥകളി യുവ സംഗീതജ്ഞനും ബഹുമുഖ പ്രതിഭയുമായ ആദിത്യൻ പിഷാരോടിയും ആണ് പുറപ്പാടിന് ചിട്ടപ്രകാരമുള്ള പദം പാടിയത്. കലാനിലയം രതീഷ്, കലാനിലയം അഖിൽ എന്നിവർ ചെണ്ടയും കലാനിലയം ശ്രീജിത്ത്, കലാനിലയം സഞ്ജയ് എന്നിവർ മദ്ദളവും കൈകാര്യം ചെയ്തു.

അതിനുശേഷം നടന്ന ദുര്യോധനവധം കഥകളിയും അവിസ്മരണീയമായ അനുഭവമായി. ജ്യേഷ്ഠാനുജൻമാരും പിഷാരടി സമാജം അംഗങ്ങളുമായ ശ്രീ കലാനിലയം അനിൽകുമാറിന്റെ രൗദ്ര ഭീമനും കോട്ടക്കൽ ഹരീശ്വരന്റെ ദുശ്ശാസനനും ഗംഭീരമായി.

മറ്റു കലാകാരന്മാരും അവരവരുടെ ഭാഗം വളരെ നന്നായി അവതരിപ്പിച്ചു (ധർമ്മപുത്രർ-പ്രദീപ് രാജ പാറക്കടവ്, പാഞ്ചാലി-തൃപ്പയ്യ പീതാംബരൻ, കുട്ടിഭീമൻ-ശില്പ വാരിയർ, ശകുനി-കലാമണ്ഡലം പ്രജിത്, ശ്രീകൃഷ്ണൻ-കലാനിലയം മനോജ്, ധൃതരാഷ്ട്രർ/മുമുക്ഷു-കലാമണ്ഡലം അഖിൽ വർമ്മ, സംഗീതം-കലാമണ്ഡലം ഗിരീശൻ, കലാനിലയം രാമകൃഷ്ണൻ, ജിഷ്ണു ഒരുപുലാശ്ശേരി, ചെണ്ട-കലാനിലയം രതീഷ്, കലാനിലയം അഖിൽ, മദ്ദളം-കലാനിലയം ശ്രീജിത്ത്, കലാനിലയം സഞ്ജയ്).

സമാജം ജനറൽസെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ ശ്രീ. അനിൽകുമാറിനെ ആദരിച്ചു. ജനറൽസെക്രട്ടറി ശ്രീ. കെ.പി. ഗോപകുമാർ, അയ്യന്തോൾ കാർത്ത്യായനി ക്ഷേത്രം ഭരണസമിതി പ്രസിഡണ്ട് ശ്രീ. ആർസി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

(**മുഖചിത്രം**: കഥകളി അരങ്ങേറ്റം നടത്തിയ രാജൻ രാഘവൻ, സുജാത രാധാകൃഷ്ണൻ) ●

നമുക്കിടയിലെ വേറിട്ട വ്യക്തിത്വങ്ങൾ

# ആൾക്കൂട്ടത്തിൽ തനിയെ



ഗോപൻ പഴുവിൽ

(കഴിഞ്ഞ ലക്കം തുടർച്ച)

## ശ്മശാനത്തിലെ ചുടലത്തെയ്യം

**ഏ**തെങ്കിലും ശ്മശാന ഭൂവിൽ ചുടലത്തെയ്യാട്ടം നടക്കുന്ന ആഘോഷമുണ്ട് എന്ന് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേട്ടോളൂ. മദ്ധ്യകേരളത്തിലെ പ്രധാനപ്പെട്ട ശ്മശാനങ്ങളിൽ ഒന്നായ പാമ്പാടി ഐവർ മഠത്തിൽ എല്ലാ ജനുവരി മാസങ്ങളിലും ഒരു ദിവസം അങ്ങനെ ഒരു ആഘോഷമുണ്ട്. ആ ചുടലത്തെയ്യാട്ട ദിവസം ഒരുപാട് പേർ അവിടെയെത്തുന്നു. യഥാർത്ഥ ചുടലക്കളത്തിൽ നടക്കുന്ന തെയ്യാട്ടത്തിന് വലിയ ശക്തിയാണ്. നാരായണേട്ടൻ എന്ന സവിശേഷതകൾ ഉള്ള നാടൻ കർഷകനെയും ജീവകാരുണ്യ പ്രവർത്തകനെയും വളരെ പേർ അറിയാനും അദ്ദേഹം പലർക്കും ഏറെ പ്രിയപ്പെട്ടവനാവാനും ഈ ശ്മശാനവും കാരണമായിട്ടുണ്ട് എന്ന് പറയാം.

### രമേശൻ കോരപ്പത്ത്


പാമ്പാടി ഐവർ മഠത്തിന്റെ നടത്തിപ്പുകാരനും സൂക്ഷിപ്പുകാരനുമാണ് രമേശൻ കോരപ്പത്ത്. ആളൊരു സഹൃദയൻ. കറയറ്റ ജീവകാരുണ്യ പ്രവർത്തകൻ. സമൂഹത്തിലെ ഉന്നതന്മാരുമായി നല്ല സൗഹൃദം. എഴുത്തുകാരായ ഒ.വി. വിജയൻ, വി.കെ.എൻ. തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലെ ഉന്നതരുമായി ശ്രീ. രമേശൻ നല്ല സൗഹൃദമായിരുന്നു. വി.കെ.എൻ. ശ്രീ. രമേശനേ കുറിച്ച് രസകരമായ കഥ തന്നെ എഴുതിയിട്ടുണ്ട്. ഒരു ഡെഡ് ബോഡിയും കൊണ്ട് നേരെ രമേശന്റെ അടുത്തു ചെന്നാൽ അത് വിധിയാം വണ്ണം സംസ്കരിച്ച് ചടങ്ങുകൾ അടക്കം ചെയ്ത് ഇഷ്ടൻ കയ്യിൽ തരും. രമേശന്റെ അടുത്തിരിക്കുമ്പോൾ നമ്മൾ ഒന്ന് സൂക്ഷിക്കുന്നത് നല്ലതാണ്. അല്ലെങ്കിൽ ചിലപ്പോൾ നമ്മളെ പിടിച്ചു തീയിലിട്ട് സംസ്ക്കരിച്ചു കളയും.

ഈ രമേശന് ധാരാളം നാടൻ പശുക്കൾ ഉണ്ടായിരുന്നു. അവയെയെല്ലാം ആവശ്യക്കാർക്ക് ദാനം ചെയ്തു. ഒരു നിബന്ധനയിൽ. യാതൊരു കാരണവശാലും വിൽക്കരുത്. മറ്റൊരാൾക്ക് കൊടുക്കരുത്.

രമേശൻ നാരായണേട്ടന്റെയും പ്രിയ സുഹൃത്തായിരുന്നു. രമേശന്റെ ഈ സൽപ്രവർത്തി മാതൃകയാക്കി നാരായണേട്ടനും രണ്ട് മൂന്നു പശുക്കളെ ഇതേ പോലെ തന്നെ ദാനം ചെയ്തിട്ടുണ്ട്. സ്വാഭാവീകമായും രമേശന്റെ സുഹൃത്തുക്കൾ ഒട്ടു മിക്കവരും നാരായണേട്ടന്റെയും സുഹൃത്തുക്കളായി. അവരിൽ നിന്നൊക്കെ പിന്നെയും വാമൊഴികളിലൂടെ സഹൃദയരായ സുഹൃത്തുക്കൾ കൂടി വന്നു.

നാരായണേട്ടനും സുഹൃത്തുക്കളും മുമ്പ് കൃഷി ചെയ്തിരുന്ന പച്ചക്കറികൾ പാലക്കാട് കൊണ്ട് പോയി അദ്ദേഹത്തിന്റെ ഭവനമായ പിഷാരത്ത് വെച്ച് ആവശ്യക്കാർക്ക് വിൽപ്പന നടത്തിയിരുന്നു. യാതൊരു മാലിന്യവുമില്ലാത്ത അവക്ക് ആവശ്യക്കാർ നിരവധിയായിരുന്നു. അവരിൽ പലരും പ്രകൃതി ക്ഷേത്രത്തിലേക്കും വരാൻ തുടങ്ങി. അങ്ങനെ സത്യസന്ധമായ കൃഷി ഉൽപന്നങ്ങൾ മൂലം നാരായണേട്ടൻ ഒരുപാട് പേർക്ക് പ്രിയപ്പെട്ടവനായി. അപ്പോൾ അവരെ ഉൾക്കൊള്ളാനും സ്വീകരിക്കാനും കൂട്ടം ചേരാനുമുള്ള സൗകര്യങ്ങളെ കുറിച്ച് ഗൗരവത്തോടെ ചിന്തിക്കേണ്ടി വന്നു. ആ ചിന്തയുടെ പ്രതിഫലനമാണ് ഇന്നത്തെ ഈ പ്രകൃതി ക്ഷേത്രം.

നാരായണേട്ടന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകർന്ന മറ്റൊരു വ്യക്തി



ത്വമുണ്ട്. വെറുമൊരു സാധാരണക്കാരനായ കർഷകനിൽ നിന്ന് സാമൂഹ്യ നന്മയുടെ വലിയ ലോകത്തേക്ക് അദ്ദേഹത്തിന് വഴി തെളിച്ച ഒരു കാരണം. ആ കാരണത്തെ നമുക്ക് ഇങ്ങനെ വിളിക്കാം. എസ്.ഡി. ഷിബുലാൽ.

## എസ്.ഡി. ഷിബുലാൽ

ശ്രീ എസ്.ഡി. ഷിബുലാൽ ചില്ലറക്കാരനല്ല. ഇൻഫോസിസ് എന്ന വലിയ സ്ഥാപനത്തിന്റെ തുടക്കക്കാരിൽ ഒരാൾ. അവിടത്തെ മുൻ സി.ഈ.ഒ. കോടീശ്വരൻ. എസ്.ഡി. ഫൗണ്ടേഷൻ എന്ന മെഗാ ജീവകാരുണ്യ പദ്ധതിക്ക് വേണ്ടി വർഷം 35 കോടി രൂപയാണ് അദ്ദേഹം നീക്കി വെച്ചിട്ടുള്ളത്. വിദ്യാഭ്യാസം, കൃഷി എന്നിങ്ങനെ ആ പദ്ധതി വിപുലീകരിക്കപ്പെട്ടിരിക്കുന്നു.

എസ്.ഡി. ഫൗണ്ടേഷൻ കൃഷിക്കാർക്ക് വേണ്ടി 2009 ൽ ഏർപ്പെടുത്തിയ അക്ഷയശ്രീ പുരസ്കാരം ആദ്യമായി ലഭിച്ചത് നാരായണേട്ടനായിരുന്നു. മുഹമ്മയിൽ വെച്ചാണ് ഈ വിപുലമായ ചടങ്ങ് നടന്നത്. തുടർന്ന് എല്ലാ വർഷവും മേയ് 4ന് വിവിധ സ്ഥലങ്ങളിൽ വെച്ച് ഇത് നൽകി വരുന്നുണ്ട്. അതോടെ നാരായണേട്ടൻ എസ്.ഡി ഫൗണ്ടേഷൻ പദ്ധതിയിൽ ആകൃഷ്ടനാവുകയും അതിന്റെ സജീവ വളണ്ടിയർ ആവുകയും ചെയ്തു. ഓരോ വർഷത്തെയും കൃഷി പുരസ്ക്കാര തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ നാരായണേട്ടനും അംഗമാണ്. ഈ വർഷത്തെ പുരസ്ക്കാരവുമായി ബന്ധപ്പെട്ട് 43 കൃഷിക്കാരുടെ ഭവനങ്ങളിലും കൃഷിയിടങ്ങളിലുമാണ് അദ്ദേഹം കയറി ഇറങ്ങിയത്.

ഇന്ന് കേരളത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ സഹായ പദ്ധതിയാണ് എസ്.ഡി. ഫൌണ്ടേഷൻ വിദ്യാഭ്യാസ സ്ക്കോളർഷിപ്പുകൾ. സാമ്പത്തീകമായി ഒട്ടും കഴിവില്ലാത്ത, എന്നാൽ പഠനത്തിന്റെ കാര്യത്തിൽ മിടുക്കരായ കുട്ടികൾക്ക് ജാതി മത ഭേദമില്ലാതെ പത്താം ക്ലാസിനു ശേഷമുള്ള അവരുടെ വിദ്യാഭ്യാസത്തിന് പരിപൂർണ്ണ സഹായം ചെയ്തു കൊടുക്കുന്ന മെഗാ പദ്ധതി. പരിപൂർണ്ണം എന്ന് പറയുമ്പോഴും ചെറിയൊരു പരിധി വെച്ചിട്ടുണ്ട്. പക്ഷെ ചെലവുകൾ ചിലപ്പോൾ അതിൽ അധികമായാൽ നാരായണേട്ടന്റ നേതൃത്വത്തിലുള്ള സംഘം അത് പരിഹരിച്ചു കൊടുക്കാറുണ്ട്. ഇന്ന് ആയിരക്കണക്കിന് പേരാണ് ഈ പദ്ധതിയിലൂടെ പഠിച്ച് തൊഴിൽ നേടി ജീവിത സുരക്ഷ നേടിയത്. അതിൽ ഡോക്ടർമാർ, എഞ്ചിനീയർമാർ അടക്കം എല്ലാ രംഗത്തും ഉള്ളവരുണ്ട്. ഇപ്പോൾ ആദ്യമായി ഒരു കുട്ടി ഈ സ്ക്കോളർഷിപ്പിലൂടെ ഐ.എ.എസ് പരീക്ഷ എഴുതാൻ പോകുന്നു. സ്ക്കോളർഷിപ്പ് എന്നതിനേക്കാൾ യഥാർത്ഥത്തിൽ സഹായ പദ്ധതി തന്നെയാണത്.

ഈ സഹായം കിട്ടണമെങ്കിൽ കുട്ടിയുടെ വിദ്യാഭ്യാസരംഗത്തെ കഴിവ് തെളിയിക്കണം. കുടുംബപരമായി വാർഷിക വരുമാനം വളരെ കുറവാണ് എന്നതും തെളിയിക്കണം എന്ന് മാത്രം.

എസ്.ഡി. ഫൌണ്ടേഷന്റെ ഈ സ്ക്കോളർഷിപ്പ് പ്രോഗ്രാമിന്റെ പ്രധാന പ്രവർത്തകരിൽ ഒരാളാണ് നാരായണേട്ടൻ. നാരായണേട്ടന്റെ ശുപാർശയിലും സാക്ഷ്യത്തിലുമായി തന്നെ ഏകദേശം മുന്നൂറിൽ അധികം കുട്ടികൾ ഇതിനകം ഈ പദ്ധതിയിലൂടെ പഠിച്ച് പാസ്സായി തൊഴിൽ നേടിയിട്ടുണ്ട് എന്നറിയണം. ദൂരദിക്കുകളിൽ ഉള്ള കുട്ടികൾക്ക് ആവശ്യമെങ്കിൽ താമസിക്കാൻ പാലക്കാട്ടെ 'പിഷാരത്ത്' തികച്ചും സൗജന്യമായി സൗകര്യം ചെയ്തു കൊടുത്തിട്ടുണ്ട്. അവരിലും ഡോ



ക്ടർമാരും എഞ്ചിനീയർമാരുമുണ്ട്. അവരെല്ലാം (ചിലർ കുടുംബസമേതം) ഇടക്ക് നാരായണേട്ടനെ കാണാൻ വരാറുമുണ്ട്. അവർക്കെല്ലാം നാരായണേട്ടൻ പ്രിയപ്പെട്ട മാമനാണ്. നാട്ടുകാർക്ക് പക്ഷെ നാരായണേട്ടനാണ്. കൂട്ടത്തിൽ അദ്ദേഹം പാലക്കാട് ജില്ലയിൽ ഉള്ള ഒരു പാവപ്പെട്ട കുംഭാര (മൺകലങ്ങൾ ഉണ്ടാക്കുന്നവർ) കുടുംബത്തിന്റെ കാര്യം പറഞ്ഞു. നാരായണേട്ടന്റെ ശുപാർശ കൊണ്ട് എസ്.ഡി. ഫൌണ്ടേഷൻ വഴി ഇന്ന് അവരുടെ രണ്ട് മക്കളും ഡോക്ടർമാരാണ്.

പിഷാരടി സമുദായത്തിൽ സാമ്പത്തികമായി കുറവാണ് എന്നതിനാൽ തുടർപഠനത്തിന് സാദ്ധ്യമാകാത്ത മിടുക്കരായ കുട്ടികളുണ്ടെങ്കിൽ അറിയിക്കൂ. അവർക്ക് അവരാഗ്രഹിക്കുന്ന ഏത് വിദ്യാഭ്യാസ യോഗ്യതയും നേടാൻ എസ്.ഡി. ഫൌണ്ടേഷൻ വഴി ഞാൻ സഹായത്തിനുണ്ടാകും. നാരായണേട്ടൻ നമ്മുടെ മുന്നിൽ ഇങ്ങനെയൊരു ഉറപ്പ് നൽകി. അതിൻപ്രകാരം അടുത്ത കാലത്ത് വെബ്സൈറ്റ് പ്രകാരം അറിയിപ്പ് കൊടുത്തിരുന്നു.

നാരായണേട്ടന്റെ കൃഷി സംബന്ധമായ സംഘടനക്ക് ജൈവ സംരക്ഷണ സമിതി എന്നാണ് പേരിട്ടിരിക്കുന്നത്. അതിന്റെ കീഴിൽ 2009 മാർച്ചിൽ വീട്ടിൽ വെച്ച് ജൈവക്കലവറ എന്ന പേരിൽ ഒരു ഓർഗാനിക്ക് എക്സിബിഷൻ നടത്തി. ഓർഗ്ഗാനിക്ക് ഉൽപ്പന്നങ്ങളെക്കുറിച്ച് പൊതുജനത്തിന് അവ ബോധമുണ്ടാക്കാനും വിതരണത്തിനും വേണ്ടി ആരംഭിച്ച ആ പ്രദർശനം പിന്നീട് എല്ലാ തിങ്കളാഴ്ചകളിലും മുടങ്ങാതെ പാലക്കാട് പിഷാരത്ത് വെച്ച് തുടർന്നു. കോവിഡ് കാലത്താണ് അതിന് അവസാനമായത്. ജൈവ സംരക്ഷണ സമിതി കൂടാതെ വേറെയും ചില കൂട്ടായ്മകളിൽ അദ്ദേഹം സജീവമാണ്. അതിൽ ഒരു സംഘത്തിന്റെ വലിയൊരു പദ്ധതി 30 ഏക്കർ സ്ഥലത്ത് ആസൂത്രണം ചെയ്യുന്ന കൃഷിപരമായ വിവിധോദ്ദേശ ആശയങ്ങളാണ്. വലിയൊരു ഭാഗം ചുറ്റും ശക്തമായ വേലി നിർമ്മിച്ച് അതിനകത്ത് ധാരാളം പശുക്കളെ സ്വതന്ത്രരാക്കി  വിട്ട് വളർത്തുന്ന രീതിയാണ്. അവയിൽ കാളകളും കുട്ടികളും ഒക്കെ ഉണ്ടാകും. യഥാർത്ഥ പ്രകൃതി ജീവനം എന്നത് കന്നുകാലികൾക്കും ബാധകമാണല്ലോ. ഇന്ന് പശുക്കളെ വളർത്തുന്നവർ അഭിമുഖികരിക്കുന്ന പ്രശ്നമാണല്ലോ ഒരു വീട് പൂട്ടി ഒരു ദിവസം പോലും മാറി നിൽക്കാനാകാത്ത അവസ്ഥ. അതിനും ഈ പദ്ധതി പരിഹാരമാണ്.

കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ ആയി ജോലി ചെയ്തിരുന്ന നാരായണേട്ടൻ റിട്ടയർ ചെയ്തതിനു ശേഷമാണ് ഇത്രയും ഉദാത്തമായ സാമൂഹ്യ സേവനങ്ങളുടെ ഭാഗമാവുന്നത്. പത്നി തങ്കമണി പിഷാരസ്യാർ പാലക്കാട് ഗവ. മോയൻ ഗേൾസ് ഹൈസ്കൂളിൽ ഹെഡ് മിസ്ട്രസ്സ് ആയി ജോലിയിൽ ഇരിക്കുമ്പോളാണ് റിട്ടയർ ചെയ്യുന്നത്. കേരള സർക്കാരിന്റെ 2002-2003 ലെ ഏറ്റവും നല്ല മാതൃകാദ്ധ്യാപിക പുരസ്കാരം തങ്കമണി ടീച്ചർക്കായിരുന്നു.



തങ്കമണി ടീച്ചർ ഞങ്ങൾക്ക് വേണ്ടി ഒരു ചെറു സദ്യ തന്നെ ഒരുക്കിയിരുന്നു. തവിട് കളയാത്ത ഒന്നാന്തരം കുത്തരി (ബ്ലാക്ക് റൈസ് എന്നാണ് അതിന് നാരായണേട്ടൻ പേർ പറഞ്ഞത്). രുചികരമായ കറികൾ, പായസം. എല്ലാം നൂറു ശതമാനം ഓർഗാനിക്ക്. ഡോക്ടർ ഗംഗാധരൻ പറഞ്ഞത് പോലെ ഈ ഭക്ഷണം മാത്രം കഴിച്ചാൽ മതി ഒരസുഖവും  വരാതിരിക്കാൻ.

നാരായണേട്ടൻ പകർന്നു തന്ന അറിവുകൾ, തലമുറകളായി നമ്മുടെ പ്രപിതാമഹന്മാർ നമുക്ക് പകർന്നു തന്ന കുറെ സത്യങ്ങളുണ്ട്. പക്ഷെ ഇപ്പോൾ അവയെ നമ്മൾ വിശ്വാസങ്ങൾ എന്ന് വിളിക്കുന്നു. വിശ്വാസങ്ങൾ പറഞ്ഞു പറഞ്ഞു വന്നപ്പോൾ അന്ധവിശ്വാസങ്ങൾ എന്നായി. എന്നാൽ ആ വിശ്വാസങ്ങളെ യുക്തിഭദ്രമായി പരിശോധിക്കുമ്പോൾ നമ്മൾ അമ്പരപ്പോടെ മനസ്സിലാക്കുന്നു അവ ഒട്ടുമുക്കാലും ശാസ്ത്രങ്ങൾ തന്നെയാണല്ലോ എന്ന്. ഉദാഹരണമായി നാരായണേട്ടൻ തുളസീദളത്തിന് വേണ്ടി ആ അറിവുകളിൽ ചിലത് പങ്ക് വെച്ചു.  അവയിലൂടെ...

**പാമ്പിൻകാവുകൾ വെട്ടരുത്. ശാപമുണ്ടാകും**

കാരണം - പഴയ കാലത്ത് മനുഷ്യ വാസമുള്ള സ്ഥലങ്ങളിൽ പ്രധാനമായും കാണുന്ന പാമ്പുകൾ ചേരയാണ്. മനുഷ്യന്റെ ശത്രുവായ എലികൾ ആണ് ചേരയുടെ ഭക്ഷണം. മാത്രവുമല്ല ചേര മനുഷ്യന് ഉപദ്രവകാരിയല്ല. അത് കൊണ്ട് തന്നെ മനുഷ്യന്റെ ഭക്ഷ്യ സുരക്ഷക്ക് ചേരപ്പാമ്പുകൾ അത്യാവശ്യം എന്നതിനാൽ അവരുടെ ആ

വാസം മുൻ നിർത്തിയാണ് പാമ്പിൻ കാവുകൾ ഉണ്ടായത്. സത്യത്തിൽ കാവുകൾ ചേരയെ ഉദ്ദേശിച്ചാണ് പഴയ തലമുറ പണിതത്. ചേരയുള്ളിടത്ത് മൂർഖനും കാണും എന്നും പറയാറുണ്ട്. എന്തായാലും കാലമാണ് അവിടെ സർപ്പങ്ങളാണ് ഉള്ളത് എന്ന് മാറ്റിയെഴുതിയത്. അത് കാവുകളുടെ സുരക്ഷകൾ കൂടി കണക്കിലെടുത്താകാം. പാമ്പിൻ കാവുകളിലെ മരത്തിൽ ധാരാളം കായ്കളും പഴങ്ങളും ഉണ്ടാകും എന്നതിനാൽ ധാരാളം ചെറിയ കിളികളും അവയിൽ കൂടു കൂട്ടും. അവർ മുട്ടയിട്ടു വളരും. അവക്ക് പുഴുക്കൾ ആവശ്യമാണ്. നമ്മുടെ കൃഷി വിളകളിൽ ഉണ്ടാകുന്ന പുഴുക്കളെ കിളികൾ കൊണ്ട് പൊക്കോളും. പാമ്പിൻ കാവുകൾ വെട്ടാത്തത് കൊണ്ട് അവിടെയുള്ള മരങ്ങളുടെ വേരുകൾ വഴി ധാരാളം വെള്ളം മണ്ണിലേക്കിറങ്ങും. അപ്പോൾ ജല ദൗർലഭ്യം ഉണ്ടാകില്ല. നമ്മുടെ കാരണവന്മാർ വളരെ ബുദ്ധിപരമായി ഒന്ന് കൂടി ചെയ്തു. കാവിലെ വിവിധ നാഗങ്ങൾ തമ്മിൽ ചേരില്ലെന്നും വെവ്വേറെ വേണമെന്നും പറഞ്ഞു. അതിന്റെ ഫലം ഒരു വിധം എല്ലാ വലിയ പറമ്പുകളിലും പാമ്പിൻ കാവുകൾ ഉണ്ടായി എന്നതാണ്. 'കാവുകൾ തീണ്ടരുത്' എന്ന വിശ്വാസപ്പൊരുൾ ഇപ്പോൾ മനസ്സിലായല്ലോ.

മനസ്സിലാകുന്നു. കാവുകൾ തീണ്ടിയത് കൊണ്ട്, അവ നശിപ്പിച്ചത് കൊണ്ട് ഞങ്ങൾക്ക് അനുഭവിക്കേണ്ടി വന്നത് സർപ്പ കോപമല്ല. പ്രകൃതിയുടെ കോപ, ശാപം. പഴയ തലമുറ കേട്ടിട്ട് പോലുമില്ലാത്ത എലിപ്പനി, പക്ഷിപ്പനി, പന്നിപ്പനി തുടങ്ങി നമ്മൾ ആവാസഭൂ വെട്ടിയെടുത്ത വവ്വാലുകളുടെ പേരിൽ ചാർത്തികൊടുത്ത നിപ്പയടക്കം എത്രയെത്ര പുത്തൻ ശാപങ്ങളാണ് ഇപ്പോൾ നമ്മളെ ഭയങ്കരമായി ഗ്രസിച്ചിട്ടുള്ളത്. അരുത് മക്കളേ... കാവുകൾ തീണ്ടരുത്.

**വീടായാൽ വീടിന്റെ വടക്ക് കിഴക്ക് വശത്ത് കിഴക്കോട്ടു തിരിഞ്ഞു വെള്ളം കോരിയെടുക്കാൻ പറ്റുന്ന തരത്തിലാകണം കിണർ.**

കാരണം - തെക്ക് കിഴക്കൻ വെയിൽ ഭൂമദ്ധ്യ രേഖക്ക് സമീപത്ത് നിന്നാണ് പതിക്കുന്നതെന്നതിനാൽ തീഷ്ണത കൂടും. പുരയുടെ നിഴൽ മൂലം വെയിൽ കിണർ ജലത്തിൽ പതിക്കില്ല. വടക്ക് കിഴക്ക് വശത്ത് ഈ പ്രശ്നമില്ല. അത് കൊണ്ടാണ് കിണറിന്റെ സ്ഥാനം വീടിന്റെ വടക്ക് കിഴക്ക് മൂലയിൽ ആയത്.

പണ്ട് കാലത്ത് സ്ത്രീകൾ പുരുഷന്മാരെപ്പോലെ തന്നെ മാറ് മറച്ചിരുന്നില്ല. പുരുഷന്മാർ എപ്പോഴും പുറത്ത് പോകുന്നവർ ആണല്ലോ. എന്നാൽ സ്ത്രീകൾ അങ്ങനെ പുറത്ത് പോകാറില്ല. അവർ വീടിനകത്ത് തന്നെയായിരിക്കും ഒട്ടു മിക്കപ്പോഴും. രാവിലെ അവർ അടുക്കളക്കിണറ്റിൽ നിന്നും വെള്ളം കോരും. അവിടെ നിന്ന് തന്നെ പാത്രങ്ങൾ കഴുകും. ഈ സമയമത്രയും അവരുടെ ശരീരത്തിൽ സൂര്യന്റെ പ്രഭാത രശ്മികൾ നിർല്ലോഭം പതിക്കും. അത് അവരുടെ ആരോഗ്യത്തിന് അത്യാവശ്യമാണ്. വൈദ്യശാസ്ത്രം പിന്നീട് ആ രശ്മികൾക്ക് ഒരു പേരിട്ടു. വൈറ്റമിൻ ഡി. പക്ഷെ നമ്മുടെ മുതുമുത്തശ്ശന്മാർക്ക് വൈറ്റമിൻ എന്താണെന്ന് അറിയില്ലല്ലോ.

**തൊടിയായാൽ (പറമ്പ്) ഒരു കൂവളം വേണം**

കാരണം - പാലാഴി കടഞ്ഞപ്പോൾ ഉയർന്നു വന്ന കാളകൂട വിഷം താഴെ വീഴാതിരിക്കാൻ സ്വയം ഭക്ഷിച്ച പരമശിവന്റെ കഴുത്തിൽ അമർത്തിപിടിച്ച് വയറ്റിലേക്ക് പോകാൻ അനുവദിക്കാതിരുന്ന ശ്രീപാർവ്വതിയുടെ കഥ പ്രശസ്തമാണല്ലോ. പരമശിവന്റെ കഴുത്തിൽ ഉറച്ചു പോയ വിഷത്തിന്റെ പേരിൽ ഭഗവാൻ പിന്നീട് നീലകണ്ഠൻ എന്നറിയപ്പെട്ടു. കഴുത്തിലെ ആ വിഷം ഉണ്ടാക്കിയ വിഷമതകൾ തീർക്കാൻ പാർവ്വതീ ദേവി കൂവളത്തിലയുടെ നീരാണത്രെ ഭഗവാന് നൽകിയത്.

ഐതിഹ്യമാണെങ്കിലും അതിൽ ശാസ്ത്രമുണ്ട്. കൂവളം വിഷഹാരിയാണ്. മണ്ണിലെ വിഷത്തിന്റെ അംശങ്ങൾ മുഴുവൻ കൂവളം വലിച്ചെടുക്കും.

**കിണറിനോട് ചേർന്ന് മുരിങ്ങ മരം വേണം**

കാരണം - കിണറ്റിൽ ഏതു മരത്തിന്റെ ഇലകൾ വീണാലും ചീഞ്ഞ് ദുർഗ്ഗന്ധം വരും. വെള്ളം കേടാവും. എന്നാൽ മുരിങ്ങയുടെ ഇല നേരെ മറിച്ചാണ്. ദുർഗ്ഗന്ധം ഉണ്ടാവില്ല. എന്ന് മാത്രമല്ല വെള്ളം നന്നാവുകയും ചെയ്യും. മുരിങ്ങയിലയിൽ ധാരാളം കാൽസ്യം അടങ്ങിയിട്ടുണ്ട്. എല്ലുകളുടെയും പല്ലുകളുടെയും ആരോഗ്യത്തിന് കാൽസ്യം ആവശ്യമാണ്. മുരിങ്ങയിലയിലെ കാൽസ്യം ജലത്തിൽ ചേർന്ന് ലയിക്കും. മുരിങ്ങയിലയിട്ട രണ്ട് ഗ്ലാസ് വെള്ളം തിളപ്പിച്ച് ഒരു ഗ്ലാസ് ആക്കി വറ്റിച്ചു തുടർച്ചയായി കഴിച്ചാൽ പുറം വേദന മാറും എന്ന് ആയുർവേദത്തിൽ പറയുന്നുണ്ട്. മുരിങ്ങക്കുരു പൊടിച്ച് കിണറ്റിൽ ഇട്ടാൽ വെള്ളം നന്നാവും. മുരിങ്ങ വിഷഹാരി കൂടിയാണ് എന്നറിയുക. മുരിങ്ങയുടെ വേരുകളിലൂടെ ഊർന്നു കിണറ്റിലേക്കിറങ്ങുന്ന ജലം പരിശുദ്ധമാണ്. വെള്ളത്തിലെ വിഷം മുരിങ്ങ വേർതിരിക്കും.

**വിധിച്ചതേ ഭക്ഷിക്കാവൂ. കൊതിച്ചത് പാടില്ല**

ഇതിന്റെ കാരണം ഈ അത്യാധുനീക കാലത്ത് എല്ലാവർക്കും അറിയാം. എല്ലാ മാധ്യമങ്ങളിലൂടെയും ഇതേപ്പറ്റി നിരന്തരം ബോധവൽക്കരണങ്ങൾ നമുക്ക് ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. എങ്കിലും ഈയൊരു ഉദാഹരണം കൂടി പറയേണ്ടതുണ്ട്.

ഇന്ന് വിവാഹ സദ്യകളിൽ നിന്ന് പടിയടച്ച് പിണ്ഡം വെച്ച മധുരമാണ് ഇടിച്ചു പിഴിഞ്ഞ പായസം. മറ്റൊന്ന് അട പ്രഥമൻ. അട പ്രഥമന് മരണാനന്തര സദ്യയിൽ മാത്രം സ്ഥാനം കൊടുത്തിട്ടുണ്ട്. എല്ലാം ശർക്കര ചേർത്തവ. ശർക്കരയിൽ കാൽസ്യമുണ്ട്. കാൽസ്യം ശരീരത്തിന് ആവശ്യമാണ്. എന്നാൽ ശർക്കര ചേർത്ത പായസം വിവാഹത്തിനു നമ്മളെ സംബന്ധിച്ചെടത്തോളം മോശമാണ്. എന്നാൽ പകരം വന്ന പാലട എന്താണ്? മിൽമപ്പാൽ, മൈദ, പഞ്ചസാര, അരി. എല്ലാം വെളുത്തവ. മനുഷ്യ ശരീരത്തിന് ഇവ എതിരാണ്. അങ്ങനെ നോക്കുമ്പോൾ എന്തൊക്കെ ദോഷകരമായ മാറ്റങ്ങളാണ് കാലാനുസൃതം നമ്മൾ വരുത്തിയിരിക്കുന്നത്.

നാരായണേട്ടൻ ഇനിയും അറിവുകൾ പങ്കിടാൻ തയ്യാറായിരുന്നു. ഉത്സാഹമായിരുന്നു. കേൾക്കാൻ ഞങ്ങൾക്കും ആവേശമുണ്ടായിരുന്നു. പക്ഷെ സമയം വല്ലാതെ വൈകിയിരുന്നു. തീരെ മനസ്സില്ലെങ്കിലും യാത്ര പറയേണ്ടി വന്നു.

'നാരായണേട്ടാ... താൽക്കാലീകമായി വിട പറയുന്നു. പക്ഷെ ഇനിയും വരും. ഈ ഹരിത



സ്വർഗ്ഗത്തിലെ വിശേഷങ്ങൾ അറിയാൻ. ഏറുമാടത്തിലിരുന്ന് സൊറ പറയാൻ. തൊടിയിൽ അലസമായി നടന്നു കാണുന്നതൊക്കെ കടിച്ചു പറിക്കാൻ. മീനുകളുടെ കാൽ ചുംബനമേറ്റ് ഇക്കിളി കൊള്ളാൻ. ഈ നിറഞ്ഞ സൗഹൃദവും സ്നേഹവും തേടി മനസ്സും ശരീരവും ശുദ്ധമാവാൻ ഇനിയും വരും. ഇപ്പോൾ ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. ഇവിടെ ഒരിക്കലെങ്കിലും വന്നവർ അവർ എത്ര വലിയവരായാലും വീണ്ടും ഇങ്ങോട്ട് തന്നെ വരാൻ കൊതിക്കുന്നതെന്തുകൊണ്ട് എന്ന്.

നാരായണേട്ടനും തങ്കമണി ടീച്ചറും ഞങ്ങൾക്ക് യാത്രാനുമതി തരുമ്പോൾ ഒപ്പം ഞങ്ങൾക്ക് കാണാമായിരുന്നു ഇളം കാറ്റിലാടുന്ന വൃക്ഷ ലതാദികളുടെ യാത്രാമൊഴി... അതേ മൊഴി തന്നെ.

(അവസാനിച്ചു)

**പ്രിയപ്പെട്ടവരേ,**

**പശുകൾക്ക് വേണ്ടി ഒരമ്പലം പണിത പിഷരാടിയെപ്പറ്റി സമാജം ജനറൽ സെക്രട്ടറി ശ്രീ. കെ. പി. ഗോപകുമാർ പറഞ്ഞപ്പോഴാണ് അതിനകത്തെ വാർത്താകൗതുകം ഒരു സാധ്യതയായി ഉള്ളിൽ തെളിഞ്ഞതും അദ്ദേഹത്തെ നേരിൽ കണ്ട് വിവരങ്ങളറിയാൻ ജനറൽ സെക്രട്ടറിയോടൊത്ത് പോയതും. അവിടെ ചെന്നപ്പോഴാണ് ഞങ്ങളെ അതിശയിപ്പിച്ചുകൊണ്ട് നാരായണേട്ടൻ എന്നയാൾ വെറുമൊരു പശുക്ഷേത്ര നടത്തിപ്പുകാരൻ മാത്രമല്ലെന്നും ഒരുപാട് സവിശേഷതകളുടെ ഉടമകൂടിയാണ് എന്നും മനസ്സിലാകുന്നത്. ആയുസ്സിന്റെ വൈകുന്നേരങ്ങളിലും ഊർജ്ജസ്വലരും സംതൃപ്തരും സന്തോഷഭരിതരുമായ നാരായണേട്ടൻ, തങ്കമണി ടീച്ചർ ദമ്പതികൾ. അവരുടെ വലിയ വലിയ സൗഹൃദങ്ങൾ. ചാരിറ്റി പ്രവർത്തനങ്ങൾ. കൃഷി.. എത്ര ലക്കങ്ങൾ എഴുതിയാലും തീരാത്ത വിശേഷങ്ങൾ. അതേ. നാരായണേട്ടനെയും പത്നിയെയും കണ്ടെത്താൻ തുളസീദളം ഒരുപാട് വൈകി. കാരണം നാരായണേട്ടനെ പറ്റി യൂട്യൂബിൽ വീഡിയോകൾ ഉണ്ട്. ഇംഗ്ലീഷ് പത്രങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. കർഷകൻ തുടങ്ങിയ കൃഷി സംബന്ധമായ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെയും അദ്ദേഹത്തെ പറ്റിയും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷെ തുളസീദളം ഏറെ വൈകി.**

**ഇനിയും ഇത് പോലുള്ള പ്രതിഭകളും വ്യക്തികളും നമ്മുടെ ഇടയിൽ എവിടെയൊക്കെയോ ഉണ്ട്. അവരിൽ നിങ്ങൾ അറിയുന്നവരുണ്ടെങ്കിൽ ദയവുചെയ്ത് തുളസീദളത്തിനെ അറിയിക്കുക. നമ്മൾ നമ്മളെയെങ്കിലും അറിയാതെ പോകരുത്.**

**എഡിറ്റർ**

# 9 -ാം പിറന്നാളാശംസകൾ

## പിറന്നാൾ : 2024 ആഗസ്റ്റ് 7

# വേദിക



മധുരാശംസകളോടെ

അച്ഛൻ : വിവേക് ബാലകൃഷ്ണൻ

(തെക്കൂട്ട് പിഷാരം, പഴയന്നൂർ)

അമ്മ : ദിവ്യ പിഷാരോടി

(കല്ലിൽ പിഷാരം)

അച്ഛമ്മ, അച്ഛച്ഛൻ,

അമ്മമ്മ, ഗൗരിച്ചേച്ചി, നികിത,

അനൗഷ്ക, അക്ഷര,

മറ്റു ബന്ധുമിത്രാദികൾ

# അന്നപ്രാശം

(13.07.2024)



## റിതിക വിഷ്ണു

**ആശംസകളോടെ,**

വിഷ്ണു വി. മോഹൻ, വടക്കേപ്പാട്ട് പിഷാരം

ഗായത്രി വിഷ്ണു, പിലാപ്പുള്ളി പിഷാരം

# ഡോ. ഗംഗ വാര്യർക്ക് അഭിനന്ദനങ്ങൾ



മദ്രാസ് ഐ.ഐ.ടി.യിൽ നിന്നും Studies on uncertainty in the estimation of embodied energy in residential building construction എന്ന വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. ഗംഗ വാര്യർ.

ഭർത്താവ് : ശ്രീജിത്ത് ശ്രീധരൻ, കാരൂർ പിഷാരം (നിലവിൽ ജർമ്മനിയിൽ മോളെക്സ് കമ്പനിയിലെ ലീൻ മാനേജ്മെൻറ് വിഭാഗത്തിൽ ജോലി ചെയ്യുന്നു)


കൊടകര ശാഖ പ്രസിഡന്റ് കാരൂർ പിഷാരത്ത് ഉഷ ശ്രീധരന്റെയും ചെങ്ങാനിക്കാട്ട് പിഷാരത്ത് ശ്രീധരന്റെയും മകനാണ് ശ്രീജിത്ത്.

ഇടപ്പിള്ളി പടിഞ്ഞാറേ വാരിയത്ത് ലക്ഷ്മി ജി. വാരിയരുടെയും അനിൽകുമാറിന്റെയും മകളാണ് ഗംഗ.

**ഡോ. ഗംഗക്ക് കൊടകര ശാഖയുടെ അഭിനന്ദനങ്ങൾ, അനുമോദനങ്ങൾ!**

കഥ

# അപരിചിതർ തൊഴിലാളികൾ



രാജൻ അംബാലയം

**ഒ**രു ജീപ്പ് നിറയെ പോലീസുകാരും സബ്ബ് ഇൻസ്പെക്ടറും കൂടി കടന്നുവരുന്നത് കണ്ടു, രഘുവരൻ.

ഗേറ്റുകടന്ന് ഏകദേശം 2 1/2 ഫർലോംഗ് ദൂരെയാണ് തറവാട് എട്ടുകെട്ട്. ഇരുപുറവും ഉള്ള പറമ്പിലേക്ക് ശ്രദ്ധചെലുത്തിയാണവരുടെവരവും, പതുക്കെ ഒച്ചിഴയും പോലെ.

എന്തിനാണവർ ഈ വീട്ടിലേക്ക്? എന്തന്വേഷിച്ചാവും?

ഇനി ഏതെങ്കിലും മന്ത്രിമാരോ, അല്ലെങ്കിൽ അതുപോലെ ഉന്നതവ്യക്തികളോ ഈ ഗ്രാമത്തിലേക്ക് വരുന്നുണ്ടോ?

രാഘുവരൻ ആകാംക്ഷയോടെ അവരെ നോക്കി.

വർഷങ്ങൾക്ക് മുൻപാണ് ഈ തറവാട്ടിൽ പോലീസ് വന്നിട്ടുള്ളത്. രഘുവരന് അന്ന് 10 വയസ്സായിക്കാണും. മജിസ്ട്രേട്ട് ഈ വഴി കടന്നുപോയപ്പോൾ വിശ്രമിക്കാൻ ഒരു സ്ഥലമന്വേഷിച്ചതിന്റെ ഫലമായി. അന്ന് പോലീസുകാരുടെ തൊപ്പിയും ഡ്രസ്സും രഘുവരനെ വളരെ ആകർഷിച്ചു. തനിക്കും ഇതുപോലൊരു പോലീസുകാരനാകണം എന്ന ചിന്തയും.

ആ ആഗ്രഹം വർഷങ്ങൾക്കുശേഷം സഫലീകൃതമായി. എസ്.ഐ. സെലക്ഷൻകിട്ടിയപ്പോൾ. അതും കഠിനമായ ശ്രമത്തിന്റെ ഫലമായി...

പക്ഷെ.

നിനക്കവിടെ കിട്ടാൻ പോകുന്ന ശമ്പളത്തിന്റെ മൂന്നിരട്ടി ഞാൻ തരാം. ഇവിടെ ഈ തറവാട്ടിൽ നിന്നുകൂടെ...

അച്ഛന്റെ ചോദ്യം.

അമ്മക്കും അതായിരുന്നു ഇഷ്ടം.

“പോലീസുകാരനായി വരുന്ന മന്ത്രിമാരുടെയെല്ലാം ചൊൽപ്പടിക്ക് നിൽക്കാതെ അവരുടെ മുന്നിൽ ഓച്ഛാനിച്ച് നിന്ന് ആട്ടും തുപ്പും ഏല്ക്കാതെ സ്വന്തം വീട്ടിൽ സ്വാതന്ത്ര്യത്തോടെ കഴിയരുതോ?”

അവരുടെ ഇംഗിതമതായിരുന്നതുകൊണ്ടാണ് താൻ ആ ജോലി ഉപേക്ഷിച്ചത്.

എൺപതേക്കർ വളപ്പാണ് പറമ്പ്. 60 പറ കണ്ടവും. അതിന്റെ എല്ലാം ഏകാവകാശി താനും.

കവുങ്ങും, തെങ്ങും, പ്ലാവും, മാവും, റബ്ബറും, വാഴയും, ജാതിയും, കപ്പയും എല്ലാം പൊന്നുപോലെ വിളയുന്ന മണ്ണ്. അല്പം ഉയർന്നസ്ഥലത്തു നിറയെ കശുമാവും. ഇവയെല്ലാം നോക്കി നടത്തുന്നത് അച്ഛനാണ്. മണ്ണിനെ സ്നേഹിച്ച് വിളകളോടു സല്ലപിച്ചും നടക്കുന്ന അച്ഛൻ. അതിലൊരു കണ്ണിയായി രഘുവരനും.

വിവാഹം കഴിഞ്ഞ് ആർഭാടമായ ജീവിതം. അല്ലലില്ല, അലച്ചിലില്ല, ജോലിയുടെ പിരിമുറുക്കവുമില്ലാതെ സ്വഛമായി ഒഴുകുന്ന ദിനരാത്രങ്ങൾ.

കൃഷികാര്യങ്ങളിൽ അച്ഛനെ സഹായിച്ച് തുടങ്ങിയപ്പോൾ സമയക്കുറവ് മാത്രമാണനുഭവപ്പെട്ടത്.

ഒററത്തുനിന്ന് തേങ്ങ ഇടാൻ തുടങ്ങിയാൽ 12 ദിവസമെങ്കിലും വേണം അതുതീരാൻ. അതു കഴിഞ്ഞാൽ അടയ്ക്കവലിക്കാൻ കുറച്ച് ദിവസങ്ങൾ. പിന്നെ വാഴക്കും, കപ്പക്കും, നടുതലക്കും എല്ലാം തടം എടുക്കലും വെള്ളം തിരിക്കലും. എത്തവാഴക്ക് ഏറ്റംകെട്ടൽ, പത്തുരണ്ടായിരം റബ്ബർ മരങ്ങളിൽ നിന്നും പാലെടുക്കൽ, അത് ഷീറ്റാക്കൽ. എല്ലാത്തിനും പണിക്കാരുണ്ടെങ്കിലും എന്തിനും ഉടമസ്ഥരുടെ കണ്ണെത്തണമല്ലോ. അല്ലെങ്കിൽ നോക്കെത്താദൂരം കിടക്കുന്ന പറമ്പിൽ അവർ വിശ്രമിച്ചാലോ.

പറമ്പിൽ കളകൾ പെരുകുമ്പോൾ അതുമുഴുവൻ വെട്ടിനശിപ്പിക്കണം. അതുകഴിഞ്ഞാൽ മൂന്ന് പൂവ്വിതക്കുന്ന കണ്ടങ്ങളിൽ പണി.

ഇതെല്ലാം നോക്കിയിരുന്നത് അച്ഛനാണ്.

അമ്മക്കും രഘുവരന്റെ ഭാര്യക്കും അതിനൊന്നും സമയമുണ്ടാവില്ല. അടുക്കളയിലെ പണികഴിഞ്ഞിട്ടുവേണ്ടേ. മിറ്റമടിക്കാനും, പാത്രം കഴുകാനും, എട്ടുകെട്ടു അടിച്ചുവാരാനും, കറിക്കു നുറക്കുവാനും മറ്റുമായി അഞ്ചാറ് സ്ത്രീകൾ അവിടെ എത്തും. ചിലർ അവിടെത്തന്നെ രാത്രി കഴിച്ചുകൂട്ടും. അവർക്കും, പറമ്പിലെ പണിക്കാർക്കും ആഹാരമുണ്ടാക്കുന്ന തിരക്കിലാവും അമ്മയും, ഭാര്യയും. രഘുവരന്റെ കുട്ടികൾക്കൊട്ടും സമയമില്ല. കേളേജിൽ പഠിക്കുന്ന അവർക്ക് പഠിക്കാൻത

ന്നെ സമയമുണ്ടാവാറില്ല.

അച്ഛൻ രാവിലെ പറമ്പിലേക്ക് പോയാൽ 8.30ന് തിരിച്ചെത്തും. സ്വന്തം പറമ്പിലെ കുളത്തിൽ കുളിയും കഴിഞ്ഞ്, അതുവരെയും പണിക്കാരുണ്ടെങ്കിൽ അവരുടെ കൂടെ, അല്ലെങ്കിൽ സ്വയം ചെയ്യാവുന്ന പണികളൊക്കെ ചെയ്ത് പ്രാതൽകഴിഞ്ഞ് അല്പം വിശ്രമിച്ച് വീണ്ടും പറമ്പിലേക്ക്. ഒരുമണിവരെ, ഉച്ചയൂണ് കഴിഞ്ഞ് അല്പം വിശ്രമം. വീണ്ടും പണിക്കാരൊടൊത്തു പറമ്പിൽ....

'അണ്ണാൻകുഞ്ഞിനും തന്നാലായത്, അച്ഛന്റെ പറച്ചിലാണ്... ഈ എൺപത്തഞ്ചിന്റെ നിറവിലും ആ പഴയ അദ്ധ്വാനിയുടെ കരവിരുതും, ചിട്ടയായ ജീവിതവും അനുഗ്രഹിച്ചതാകാം ആ ആരോഗ്യം...

അങ്ങനെയുള്ള ഈ തറവാട്ടിലേക്ക് പോലീസ് വരുന്നതുകണ്ടപ്പോൾ രഘുവരൻ അന്ധാളിച്ചു.

'ഇതാണോ... തറവാട്?' ജീപ്പിന്നരുകിൽ എത്തിയ രഘുവരനോടു എസ്.ഐ. ചോദിച്ചു.

'അതെ..., അകത്തേക്കിരിക്കാം.'

'നിങ്ങളാണോ ഗോവിന്ദൻനായർ?'

'അല്ല, അച്ഛനാണ്.'

'എവിടെ... വിളിക്കൂ.'

"പറമ്പിലാണ്. പണിക്കാരൊടൊത്ത്.'

'ഒന്നുവിളിക്കാമോ?'

'ആവാം.'

രഘുവരൻ പറമ്പിലേക്കിറങ്ങി.

എൺപതേക്കറിൽ ഏതുഭാഗത്താവും പണിക്കാരും അച്ഛനും, നോക്കിക്കണ്ടുപിടിക്കണം. അത്രമാത്രം ഇടതിങ്ങിയ പച്ചപ്പാണ് കൃഷിയിടം... പുരയിടത്തിന്റെ കിഴക്കെ അറ്റത്ത് കശുമാവിൻകൂട്ടത്തിനിടയിൽ പണിക്കാരൊടൊത്തു നില്ക്കുന്നു. കശുവണ്ടി പെറുക്കിക്കൂട്ടിക്കൊണ്ട്.

"അച്ഛാ പോലീസുകാർ വന്നിരിക്കുന്നു.'

'പോലീസോ?' അച്ഛനത്ഭുതമായി.

'എന്താകാര്യം!' അച്ഛൻതിരക്കി.

'ഒന്നുംപറഞ്ഞില്ല, അച്ഛനെ വിളിച്ചുകൊണ്ടു ചെല്ലാൻ പറഞ്ഞു.' – രഘുവരൻ.

'ആ പണി തീർക്കണം.' പണിക്കാരോട് പറഞ്ഞിട്ട് അച്ഛൻ തറവാട്ടിലേക്ക് നടന്നു.

കണ്ടപ്പഴെ എസ്.ഐ. ചോദ്യം തുടങ്ങി.. 'ഗോവിന്ദൻനായർ?'

'അതെ.'

'ഈ എട്ടുകെട്ടിൽ ആരൊക്കെയാണ് താമസം.'

'ഞാനും ഭാര്യയും, മകനും, മരുമകളും, അവരുടെ കുട്ടികളും.'

'പിന്നെ?'

'പണിക്കാരികളിൽ ചിലരും പറമ്പിൽ പണിയുന്നവരും.'

'ഈ വളപ്പ് എത്ര ഏക്കർ.'

'എൺപത്'

'നിലമുണ്ടോ?'

'ഉണ്ട്, 60 പറക്കണ്ടം.'

ഈ ചോദ്യങ്ങൾ എന്തിനാണെന്നറിയാതെ അച്ഛൻ നിന്നു.

പോലീസുകാർ അങ്ങനെയാണല്ലോ കാര്യങ്ങളിലേക്കെത്തുക. പടപ്പേൽതല്ലി പാമ്പിനെ പിടിക്കുംപോലെ.

'പറമ്പിൽ എത്രപേരുണ്ട് പണിക്കാരായി'

'അഞ്ചുപേർ.'

'പേര്?'

'സലിം, കരിം, വിഷ്ണു, തോമസ്, റഷീദ്.'

'ഈ നാട്ടുകാരാണോ?'

'അല്ല'

'പിന്നെ?'

'ചന്തയിൽമുറുക്കാൻ കട നടത്തുന്ന അഹമ്മദ് അയച്ച ആൾക്കാരാണ്.'

'അവരുടെ സ്ഥലം.'

ബംഗാളിൽനിന്നും, ആസ്സാമിൽനിന്നും മറ്റും വന്നവരാണെന്നാണ് അഹമ്മദ്പ റഞ്ഞ്. അതിഥി തൊഴിലാളികൾ. നല്ല പണിക്കാരാണ്. പറമ്പിൽ ചെയ്യേണ്ടതല്ലാം ചെയ്യും. ആത്മാർത്ഥതയോടെ എട്ടുമണിക്കിറിങ്ങിയാൽ വൈകിട്ട് ആറുമണിവരെ പറമ്പിലാണ്. നോക്കീം കണ്ടും കാര്യങ്ങൾ ചെയ്യാൻ മിടുക്കർ.

'അവരുടെ അഡ്രസ്സോ, ഐ.ഡി. കാർഡോ വല്ലതും?'

'അവരുടെ കയ്യിലുണ്ടോ എന്നറിയില്ല'

രഘുവരനെ നോക്കി അച്ഛൻ പറഞ്ഞു.

അവർ പണിക്കാരായി എത്തിയപ്പോൾത്തന്നെ രഘുവരൻ ഉയർത്തിയ ചോദ്യമാണ്. ഇപ്പോൾ എസ്.ഐ.യുടെ നാവിൽനിന്നും വരുന്നത്.

അറിയാൻ പാടില്ലാത്തവരെ, അപരിചിതരെ, മേൽവിലാസവും, ഐ.ഡി. കാർഡും ഒന്നുമില്ലാത്തവരെ പണിക്ക് നിർത്താൻ രഘുവരന് ഒട്ടും താല്പര്യമില്ലായിരുന്നു എന്നതാണ് സത്യം. പ്രായപൂർത്തിയായ കുട്ടികളും, ഭാര്യയും, അമ്മയും, പണിക്കാരുമുള്ള തറവാട്ടിൽ...

ഒരു വിവരവും നിങ്ങൾക്കറിയില്ലേ? എസ്. ഐ. വീണ്ടും,

'അഹമ്മദ് പണിക്കാരെ വേണമെന്നറിയിച്ചപ്പോൾത്തന്നെ അയച്ചുതന്നു. അതുകൊണ്ട് ഞാൻ പ്രത്യേകം അന്വേഷിച്ചില്ല.'

ഗോവിന്ദൻനായർ പറഞ്ഞ അഹമ്മദിനെ അത്രവിശ്വാസമാണെന്നാശബ്ദം വ്യക്തമാക്കി.

'അവരെ വിളിക്കാമോ?'

എസ്.ഐ. രഘുവരനോട് തിരക്കി.

'വിളിക്കാം.'

രഘുവരൻ വീണ്ടും പറമ്പിലേക്കിറങ്ങി.

'ഒരു വിവരവും കിട്ടാതെ ഇക്കാലത്ത് പണിക്കാരെ നിർത്താമോ. അവരെത്തരക്കാരാണെന്നറിയാതെ, ഊരും പേരും ഒന്നും നോക്കാതെ. അതും ഈ വലിയ വീട്ടിൽത്തന്നെ താമസിപ്പിക്കുകയും?'

എസ്.ഐ.യുടെ സ്വരം കുറ്റപ്പെടുത്തലിൽ....

ഗോവിന്ദൻനായർക്കു അറിയില്ലായിരുന്നു. രഘുവരൻ അന്ന് പറഞ്ഞപോലെ എല്ലാം തിരക്കിയിട്ടാകാമായിരുന്നു എന്ന തിരിച്ചറിവും.

എസ്.ഐ. ജീപ്പിൽ നിന്നും ഒരു കവറുമായിവന്നു. അതിൽനിന്നും ചില ഫോട്ടോകളെടുത്തു ചോദിച്ചു.

'ഈ ഫോട്ടോയിൽ കാണുന്നവരാണോ ഈ പണിക്കാർ?'

ഗോവിന്ദൻനായർ കണ്ണാടി ശരിയാക്കി ഫോട്ടോയിലേക്ക് നോക്കി.

'അതെ.'

എസ്.ഐയുടെ കയ്യിൽ ഈ ഫോട്ടോകൾ വന്നതെങ്ങനെയെന്നറിയാതെ പകച്ചുനിന്നു.

ഇവരുടെ പേര് സലിം, വിഷ്ണു, തോമസ്സ് എന്നും മറ്റുമല്ലാ, ഇവർ അതിഥിതൊഴിലാളികളുടെ ലേബലിൽ വന്നവർ, ഇവിടെ ഈ ഗ്രാമത്തിൽ ഒളിച്ചുകഴിയുന്ന കൊടും കുറ്റവാളികളാണ്. കൊലപാതകം കഴിഞ്ഞ് നാടുവിട്ടവർ. ഒരു ഗ്രാമത്തിലെ 15 പേരെയാണ് കൊന്നത്. അവരുടെ നാട്ടിൽ പിടിക്കപ്പെടുമെന്നുവന്നപ്പോൾ കേരളത്തിലേക്ക് കടന്നവർ. അവർ ഇവിടെക്കു വന്നു എന്നറിഞ്ഞപ്പോൾ അവിടുത്തെ പോലീസ് കേരളാ പോലീസിനെ അറിയിച്ചു. ഇവിടെ ഞങ്ങൾ വലവിരിച്ചിരിക്കുകയാണ്. അപ്പോഴാണ് ഇവിടെ ചിലർ പണിക്കെത്തിയിട്ടുണ്ടെന്നറിഞ്ഞത്.

ഗോവിന്ദൻനായർ ഞെട്ടി. കൊലപാതകികളാണ് ഇവരെന്നറിഞ്ഞപ്പോൾ ശുദ്ധനായ, നല്ലവനായ ഗോവിന്ദൻനായർക്കാധിയായി.

'കൊലപാതകം, പിടിച്ചുപറി, വ്യഭിചാരം, സ്ത്രീപീഡനം എല്ലാം ചെയ്യുന്നവരാണിവർ, കഞ്ചാവിനും മദ്യത്തിനും അടിമപ്പെട്ടവർ...'

എസ്.ഐയുടെ വാക്കുകൾ എരിതീയിൽ എണ്ണയായി.

'അവർ പണിസ്ഥലത്തില്ല അച്ഛാ.' രഘുവരൻ തിരിച്ചെത്തി.

'അവരെവിടെപ്പോയി.'

'അറിയില്ല. ഞാനവിടെയെല്ലാം തിരഞ്ഞു.'

അവരെ കൊണ്ടുപോവാനാണ് ഞങ്ങൾ വന്നത്– എസ്.ഐ.

'കുറച്ചു കഴിഞ്ഞ് ഒന്നുകൂടി നോക്കിയിട്ടുവരാം' – രഘുവരൻ.

'ഞങ്ങൾ വന്നെന്നവർ അറിഞ്ഞോ' – എസ്.ഐ.

'ഞാൻ അച്ഛനോടു പോലീസിന്റെ കാര്യം പറഞ്ഞതു കേട്ടുകാണും.'

'എങ്കിൽ അവർ വരില്ല... അവർക്ക് മനസ്സിലായിക്കാണും ഞങ്ങളുടെ വരവിന്റെ ഉദ്ദേശം' എസ്.ഐ. തുറന്നടിച്ചു.

'ഇന്നിനി എപ്പോഴെങ്കിലും അവർ വന്നാൽ ഞങ്ങളെ വിവരമറിയിക്കണം. എന്റെ നമ്പറിൽ വിളിച്ചാൽമതി.'

എസ്.ഐ. നമ്പർ കൊടുത്തിട്ട് അവർ വരില്ലെന്ന ഉറച്ചവിശ്വാസത്തിൽ പതുക്കെ പറമ്പിലൂടെ കണ്ണോടിച്ചുകൊണ്ട് ജീപ്പിലേക്ക് കയറി.

രാത്രിയായിട്ടും അവർ വന്നില്ല. 12 മണിവരെ രഘുവരൻ കാത്തിരുന്നു. പിന്നീട് ഉറക്കത്തിലേക്ക് വഴുതിവീണു.

പക്ഷെ രാവിലെ ആ കുടുംബത്തിലെ എല്ലാവരും, പണിക്കാരികൾ 3 പേർ ഉൾപ്പെടെ കൊല്ലപ്പെട്ടതായി ഗ്രാമം ഞെട്ടലോടെ കേട്ടു. ●


*With best compliments from :*

**P. KARUNAKARAN**

# Forging & Process Aids

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

ലേഖനം

# നാളെ!..നാളെ!.. എന്നിങ്ങനെ?



**ചെറുകര വിജയൻ**
ഫോൺ: 9495223793

**അ**ന്നുറങ്ങിയപ്പോൾ നാളെയെന്നും, പിറ്റേന്നാളുറങ്ങിയപ്പോൾ അടുത്ത നാളെയെന്നും അതിനടുത്തനാളുറങ്ങിയപ്പോൾ നാളെയെന്ന പ്രതീക്ഷയിലൊരു നിരാശ!

“ഇപ്പോളിതുപകൽ, പിൽപ്പാടുരാത്രിയും, പിൽപ്പാടുപിന്നെപ്പകലുമുണ്ടായ്‌വരും.”

രാപ്പകലുകൾ നിറവുതീർക്കുന്ന ദിനങ്ങളോരോന്നും തീർത്ത് തീർത്തങ്ങ് കാലചക്രം ഉരുളുമ്പോൾ പിന്നെയും പിന്നെയും എന്ന പ്രതീക്ഷകൾ....

അടുത്തിടെ കർക്കടകത്തിലെ മൂന്ന് ദിനങ്ങളിലായി നാലുകെട്ടെന്ന ചെറുകര തറവാട്ടിൽ നടന്ന കളംപാട്ടുത്സവം ഭക്തരെ ആനന്ദപുളകിതരാക്കി. കുടുംബാംഗങ്ങളും ബന്ധുമിത്രാദികളും ഒത്തുചേർന്ന ഉത്സവരാപ്പകലുകൾ! കളം പാട്ടീരടികളും വർണ്ണചിത്രങ്ങളും സൗഹൃദഭാവങ്ങളെ അന്വർത്ഥമാക്കി. ഇവയ്ക്കെല്ലാം മേമ്പൊടിയെന്നപോൽ ഭോജനവിഭവങ്ങളും! അങ്ങകലെയും അടുത്തും വിഭജിതരായുള്ള സഹോദരീസഹോദരന്മാരും ബന്ധുജനങ്ങളും ഭക്തിയിലാറാടിയ മൂന്നു ദിനങ്ങൾ ഉദിച്ചസ്തമിച്ചെന്നറിഞ്ഞതാകട്ടെ നാലാംനാൾ പ്രഭാതത്തിൽ! ഇനിയെന്നാകും ഇതുപോലൊരു സംഭോജനവും സംകഥനവും സംപ്രീതിയും ഭക്തിസാന്ദ്രതയിലനുഭവേദ്യമാവുക! ആശിച്ചിട്ടും പങ്കെടുക്കാൻ കഴിയാതെ വന്ന വിഷമങ്ങൾ ഓർക്ക വയ്യ!

കൂടിനിന്നവരുടെയും കുടുംബാംഗങ്ങളുടെയും അനുമതിയോടെ കുറുപ്പ് ചുമന്ന് നീണ്ട വലിയ പട്ട് പാട്ടുകൊട്ടിലിൽ നിവർത്തിയിടുന്നതോടെ വെള്ളി, ശനി, ഞായർ ദിവസങ്ങളിലായുള്ള കളംപാട്ടുത്സവത്തിന് തുടക്കമായി. തെക്കിനിത്തറയുടെ ഹൃദയഭാഗത്ത് പട്ടുവിരിച്ച പീഠത്തിന്മേൽ അലങ്കരിച്ച വാൽക്കണ്ണാടിയും പൂമാല ചൂടിയ പള്ളിവാളും! നിറദീപങ്ങൾക്കരികെ പൂജാരി ഉതിർത്തുന്ന മന്ത്രോച്ചാരണങ്ങളും മുദ്രകളും! നന്തുണിയും കുഴിതാളവും തീർക്കുന്ന ശ്രുതിയും താളവും! ഇവയെല്ലാം അകമ്പടിയാക്കിയുള്ള പാട്ടിന്റെ ഈരടികളും!

നൃത്തം, വാദ്യം, ഗീതം! മനസ്സിൽ (അകക്കാമ്പിൽ) ഭക്തിയും നിറഞ്ഞാൽ നാമെല്ലാം ഭഗവത്‌സന്നിധിയിൽ! ഉച്ചപ്പാട്ടിനും ഉച്ചഭക്ഷണത്തിനും ഇടയിലുള്ള വേളയിൽ ഭക്തരൊരുമിച്ച് നടുമുറ്റത്തിരുന്നുള്ള ഭക്തികീർത്തനാലാപാനങ്ങളും മാല കെട്ടും.

പഞ്ചവർണ്ണപ്പൊടികളാൽ കുറുപ്പുമാർ രൂപപ്പെടുത്തുന്ന രൗദ്രഭാവമാർന്ന ഭഗവതിക്കളം രചന സന്ധ്യയോടെ പൂർണ്ണമാകും. വളരെ കൗതുകമുണർത്തുന്ന ഈ രചന കാണാൻ കുട്ടികളെന്നല്ല വലിയവരും ചുറ്റും നിരന്നിരുന്നു. കളത്തിന് ചുറ്റും ചാഞ്ചാടി നിൽക്കുന്ന കുരുത്തോലകൾ കമുകിൻകതിരുകൾ, പൂമാലകൾ, വെറ്റില, അടയ്ക്ക എന്നിങ്ങനെ അലങ്കാരവസ്തുക്കളനവധി.

മാടമ്പിവിളക്ക് കൊളുത്തി പൂമുഖത്ത് വെച്ചരികെ നിന്ന് ചെണ്ടയിലും ചേങ്ങിലയിലുമായി പൊതുവാൾ തീർക്കുന്ന താളങ്ങളാലുള്ള സന്ധ്യവേലയെന്ന പാട്ടുത്സവ വിളംബര ചടങ്ങ് തീർന്നാൽ കളം പൂജക്കുള്ള ഒരുക്കങ്ങൾ... അർച്ചനകൾ... നിവേദ്യം... എന്നിങ്ങനെ. പൂജക്ക് അക



മ്പടിയായി ഇടക്കവായിച്ച് കൊട്ടിപ്പാടിസേവ അരങ്ങേറ്റം സാധിക്കുവാൻ ഈയുള്ളവന് ഒരവസരം ഭഗവതി കനിഞ്ഞനുവദിച്ചതിൽ ഞാനും അനുഗൃഹീതനായി! മഹാകവി പൂന്താനം രചിച്ച ഘനസംഘമെന്ന ഭഗവതിയുടെ കേശാദിപാദവർണ്ണനയിലെ വരികളിലൂടെ ഇടക്കയുമായി ലയിച്ചുചേർന്നപ്പോൾ സന്തോഷാശ്രുക്കളാൽ കണ്ണുകൾ ഈറനണിഞ്ഞു. ഇനിയും സാധിക്കുമാറാകട്ടെ എന്നൊരു പ്രാർത്ഥന മാത്രം! രണ്ടാം ദിവസം കളമൊരുക്കി പാട്ടു നടത്തുവാനുത്സാഹിതരായത് പരേതനായ ചെറുകര കണ്ണനുണ്ണി മൂത്ത പിഷാരോടിയുടെ പേരക്കിടാങ്ങൾ!

മൂന്നാം ദിവസത്തെ പാട്ടുത്സവം സമാപിച്ചത് ചുറ്റുതാലപ്പൊലിയോടെയായിരുന്നു. കണ്ണിനും കാതിനും വിരുന്നൊരുക്കി 'കേളിയും' തറവാട് മുറ്റത്തരങ്ങേറി.

മാമാങ്കവും ചാവേർപ്പട സാന്നിദ്ധ്യവുമെല്ലാം പ്രതീകാത്മകമാകുന്നത് പുരുഷന്മാരേന്തുന്ന നിറതാലങ്ങളിലൂടെയെന്ന പുതിയ അറിവ് വളരെ ആകാംക്ഷാഭരിതമായി തോന്നി.

പ്രായാധിക്യം പരിഗണിക്കാതെ മന്ദഹാസത്തോടെ ഉത്സവകാര്യങ്ങൾക്ക് നേതൃത്വം നൽകിയ ആനമങ്ങാട് സ്വദേശി ശ്രീ. നാരായണകുറുപ്പിന്റെ സാന്നിദ്ധ്യം പ്രശംസനീയം തന്നെ! സംഭാഷണവേളയിൽ പഴയകാല അനുഭവങ്ങൾ പലരോടും പങ്കുവക്കുന്നതിൽ അദ്ദേഹം വളരെ തത്പരനായിരുന്നു. കേൾവിക്കാർക്കാകട്ടെ തറവാടുമായി ബന്ധപ്പെട്ട പല അറിവുകളും കിട്ടിയ സംഭാഷണ സന്ദർഭങ്ങൾ!

വർഷങ്ങൾക്കുശേഷം ഇങ്ങിനെയൊരു ഒത്തുചേരലിന് അവസരമൊരുക്കിയ ജ്യേഷ്ഠസഹോദരിമാരോട് നാലാംനാൾ യാത്രപറഞ്ഞിറങ്ങുമ്പോൾ ഇനിയും നമുക്കൊരുമിക്കാമെന്ന ഉറപ്പ്... പ്രതീക്ഷകൾ... നാളേകൾ.... ●

# വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി

**പു**തുക്കിയ ഇൻഷുറൻസ് പദ്ധതി ആഗസ്റ്റ് ഒന്ന് മുതൽ നിലവിൽ വരും. ഈ വർഷം ആകെ 169 പേർ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നിട്ടുണ്ട്. (കഴിഞ്ഞ വർഷം 168 പേർ ചേർന്നിരുന്നതിൽ നിന്നും 13 പേർ വിട്ടുപോവുകയും 14 പുതിയ മെമ്പർമാർ ചേരുകയും ചെയ്തു) ശാഖ തിരിച്ചുള്ള വിശദ വിവരം താഴെ ചേർക്കുന്നു.

(1) ആലത്തൂർ-5, (2) ചൊവ്വര-18, (3) എറണാകുളം-11, (4) ഗുരുവായൂർ-8, (5) ഇരിഞ്ഞാലക്കുട-7, (6) കൊടകര-33, (7) കോട്ടയം-8, (8) കോങ്ങാട്-9, (9) കോഴിക്കോട്-1, (10) കടുത്തുരുത്തി-4, (11) മഞ്ചേരി-9, (12) മൂവാറ്റുപുഴ-3, (11) പട്ടാമ്പി-7, (12) പാലക്കാട്-9, (13) തൃശൂർ-21, (14) തിരുവനന്തപുരം-2, (15) വടക്കാഞ്ചേരി-14.

പോളിസികൾ ടൈപ്പ് ചെയ്തു തയ്യാറാക്കി ലഭിക്കാൻ 1-2 ആഴ്ച പിടിക്കും. പക്ഷെ പോളിസി സുരക്ഷ ഓഗസ്റ്റ് ഒന്ന് മുതൽ തന്നെ നിലവിൽ വരുന്നതാണ്.

<u>പോളിസിയെക്കുറിച്ചുള്ള വിശദീകരണങ്ങൾ:-</u>

1. **ഓരോ വ്യക്തിക്കും 2 ലക്ഷം രൂപയുടെ പോളിസി ആണ് എടുത്തിട്ടുള്ളത്.**
2. **പോളിസി സംരക്ഷണം ലഭിക്കുക അപകടം കൊണ്ട് സംഭവിക്കുന്ന (1) മരണം (2) ശാശ്വത മൊത്തം വൈകല്യം, (3) ശാശ്വത ഭാഗിക വൈകല്യം എന്നിവക്കാണ്.**
3. **അതിനു പുറമെ മേൽ പറഞ്ഞ സംഭവത്തിൽ ആശുപത്രിവാസം വേണ്ടി വന്നാൽ ചികിത്സാ ചിലവിലേക്കു (പോളിസി തുകയുടെ 10% (അതായത് 20,000 രൂപയോളം) ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.**

ഇത് ഒരു മെഡിക്ലയിം പോളിസി അല്ല. അതുകൊണ്ട് വേറെ ഒരു ചികിത്സാ സഹായവും ഈ പോളിസിയിൽ ലഭ്യമാകില്ല.

പോളിസി ഓരോരുത്തർക്കും നേരിട്ട് തപാലിൽ അയക്കുന്നതായിരിക്കും ഓഗസ്റ്റ് അവസാനം വരെ പോളിസി കിട്ടിയില്ലെങ്കിൽ PEWS ഖജാൻജിയെ വിവരം അറിയിക്കുക.

**രാജൻ പിഷാരോടി**
ഖജാൻജി, PEWS. Ph: 9819512811

യാത്ര ഭാഗം 2

# രജ്പുത്താന



**മുരളി ആനായത്ത്**
ഫോൺ: 9495708403

കഴിഞ്ഞലക്കത്തിൽനിന്നും തുടർച്ച...

**നാ**ലരമണിയ്ക്ക് ഉണർന്നു. എണീറ്റ് പതിയെ പ്രഭാതകൃത്യങ്ങളെല്ലാം നിർവ്വഹിച്ച് ഞാൻ തയ്യാറായി.

ആറുമണിയോടെ മണിയേട്ടനും എണീറ്റു. ഒരുകപ്പു ചായയുണ്ടാക്കി കുടിച്ചു. അതിനുള്ള സംവിധാനങ്ങളെല്ലാം ഈ മുറിയിൽ ഉണ്ടായിരുന്നു. ഇലക്ട്രിക് കെറ്റിൽ, ചായപ്പൊടി, കാപ്പിപ്പൊടി, പാൽപ്പൊടി, പഞ്ചസാര ഇവയെല്ലാം ചെറിയ പേക്കറ്റുകളിലായി ഒരു ട്രേയിൽ തയ്യാറാക്കിവെച്ചിരുന്നത് അപ്പഴാണ് എന്റെ ശ്രദ്ധയിൽ വന്നത്. എനിക്ക് ചായ-കാപ്പിശീലമില്ലാത്തതിനാലും, ഇത്തരം ഹോട്ടൽമുറികളിൽ താമസിച്ച മുമ്പ് പരിചയമില്ലാത്തതുകൊണ്ടും ഇന്നലെ ഇതൊന്നും എന്റെ ശ്രദ്ധയിൽ വന്നില്ല! രാവിലെ പ്രാതലിനുശേഷം ഒമ്പതരക്ക് ഉദയ്പൂർ നഗരക്കാഴ്ചകളിലേക്ക് ഇറങ്ങാനാണ് പരിപാടി.

കാലത്ത് ഏഴരമുതൽ പ്രാതൽ തയ്യാറായിരിക്കും എന്ന് ഇന്നലെ അത്താഴസമയത്ത് അവർ പറഞ്ഞിരുന്നു. എഴേമുക്കാലോടെ മണിയേട്ടനും ഞാനും പ്രാതൽ കഴിക്കാനിറങ്ങി.

| | Canara Bank,Thrissur-61605 | 1,14,821.70 | 2,27,929.70 |
| (b) | Cash in Hand | 3,524.00 | 5,338.00 |
| | **Total** | **4,27,254.05** | **5,39,157.07** |

## Note - 10 Other current assets

(Amount in Rs.)

| | | 31st March 2024 | 31st March 2023 |
|---|---|---|---|
| | Intetest Receivable | - | - |
| | TDS Receivable | 69,304.44 | 41,582.00 |
| | **Total** | **69,304.44** | **41,582.00** |

For P. E. & W. SOCIETY

President Secretary Treasurer

**Note 11 Income**

| Particulars | 31st March 2024 | 31st March 2023 |
|---|---|---|
| Donation Received | 6,79,302.00 | 2,25,619.00 |
| TOTAL ₹ | 6,79,302.00 | 2,25,619.00 |

**Note12 Other income**

| Particulars | 31st March 2024 | 31st March 2023 |
|---|---|---|
| Bank interest | 17,854.00 | 17,634.00 |
| Interest Received from Fixed Deposit | 4,09,161.32 | 2,66,845.44 |
| Subscription Received | 53,432.00 | 48,634.50 |
| Admition Fee | 500.00 | 70.00 |
| Awards & scholarship | - | 81,900.00 |
| Donation Hall | 2,03,119.00 | - |
| PET 2000 - Pension | - | 5,37,200.00 |
| Miscellaneous Income | 200.00 | - |
| TOTAL ₹ | 6,84,266.32 | 9,52,283.94 |

**Note 7 Depreciation and Amortization Expense**

| Particulars | 31st March 2024 | 31st March 2023 |
|---|---|---|
| Depreciation | 39,225.07 | 42,917.09 |
| TOTAL ₹ | 39,225.07 | 42,917.09 |

**Note 14 Other Expenses**

| Particulars | 31st March 2024 | 31st March 2023 |
|---|---|---|
| Printing & Stationery | 6,134.00 | 1,573.00 |
| Postage & Telephone | 660.00 | 385.00 |
| Awards & scholarship | 3,81,998.00 | 2,08,000.00 |
| PET 2000 - Pension | 4,87,406.00 | 5,17,670.00 |
| Bank Service Charges | 2,085.90 | 627.00 |
| Internet Charges | 23.00 | 68.13 |
| Meeting expenses- travelling | 15,787.00 | 5,940.00 |
| Award Function | 49,390.00 | 18,005.00 |
| Audit Fee | 8,260.00 | 8,120.00 |
| Rates and Taxes | 16,533.00 | 8,958.00 |
| Medical Expenses | 30,000.00 | 87,000.00 |
| Water charges | 9,965.00 | 2,625.00 |
| Electricity charge | 30,981.00 | 27,232.00 |
| Insurance Premium | 31,637.00 | 30,446.00 |
| Office Repairs and Maintanance | 29,568.00 | 1,09,777.00 |
| Honorarium | 78,326.00 | 65,000.00 |
| TOTAL ₹ | 11,78,753.90 | 10,91,426.13 |

**Schedules 01 to 14 forms an integral part of this financial statement.**

AS PER OUR REPORT OF EVEN DATE ATTACHED

For P. E. & W. SOCIETY

President Secretary Treasurer

PLACE: THRISSUR
Date: 02/06/2024

For MOHANDAS & ASSOCIATES
CHARTERED ACCOUNTANTS

MOHANDAS ANCHERY
(PARTNER)
MEMBERSHIP NO. 036726
ICAI FIRM REG NO: 002116S



# സ്മരണാഞ്ജലി

## 3 – ാം ചരമവാർഷികം (02. 08. 2024)

# കരുണാകര പിഷാരോടി

### പാറക്കടവ് ചെങ്ങന്നാത്ത് പിഷാരം

ജനനം: 11 – 09 – 1096      മരണം: 17 – 12 – 1196 (02. 08. 2021)

ഭാര്യ: പരേതയായ പിരപ്പൻകോട് പിഷാരത്ത് സരസ്വതി പിഷാരസ്യാർ

..........ദു:ഖപൂർവ്വം..........

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | പേരക്കുട്ടികളുടെ മക്കൾ |
|---|---|---|---|
| കോമളവല്ലി | ഗോപിനാഥ് പിഷാരോടി | രേഖ – നാരായണൻ എ. പി. | അനിരുദ്ധ് – അമേയ |
| | | രമ്യ – രാമദാസ് | അമൃത & അമൽ |
| രാജലക്ഷ്മി സി. കെ. | മാധവപിഷാരോടി (Late) | സ്മിത – ഹരിദാസ് | അഭിഷേക് & അഭിനന്ദ് |
| | | സ്വപ്ന – വിജയൻ | പൂജ – സിദ്ധനാഥ് |
| കരുണാകര പിഷാരോടി | രാജലക്ഷ്മി | വിഷ്ണു – പവിത്ര | |
| | | വിനു | |
| ജയശ്രീ | വേണുഗോപാൽ (Late) | വിജയ് വേണുഗോപാൽ – റീമ | വരുണി |
| | | ഗായത്രി – അഖിൽ | ആര്യൻ അഖിൽ |

# സ്നേഹസ്മരണകളോടെ



## 10 – ാം ചരമവാർഷികം

(31 – 08 – 2024)

# കെ. ആർ. നാരായണപിഷാരോടി

### കല്ലങ്കര പിഷാരം, ആലങ്ങാട് (ആലുവ)

ഭാര്യ: പരേതയായ പി. കെ. ശാന്തമ്മ

സ്നേഹസ്മരണകളോടെ

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| കെ. എൻ. സേതു | ശ്രീരേഖ (Late) | ഗോപിക & ശ്രിയ |
| കെ. എൻ. ജയൻ | അപർണ്ണ | ജഗൻ കൃഷ്ണ & സാകേത് കൃഷ്ണ |
| കെ. എൻ. വിജയൻ | സ്വപ്ന | പൂജ & സിദ്ധനാഥ് |



# സ്മരണാഞ്ജലി

## 1–ാം ചരമവാർഷികം (13.08.2024)

### താണിശ്ശേരി കിഴക്കേ പിഷാരത്ത്

## എം.ജി. മോഹനൻ പിഷാരടി

(Retired Scientist, SAMEER, IIT, Mumbai)

മരണം: 13 ആഗസ്റ്റ് 2023

**ദുഃഖസ്മരണകളോടെ**

| | | |
|---|---|---|
| ഭാര്യ | : | ശ്രീകുമാരി മോഹൻ പിഷാരടി |
| മക്കൾ | : | ശ്രീജിത്ത്, ശ്രീവിദ്യ |
| മരുമക്കൾ | : | പൂനം, പ്രശാന്ത് |
| കൊച്ചുമക്കൾ | : | പ്രണവ്, ശ്രേയസ്,<br>പ്രജ്വൽ, വിരാജ്, അഞ്ജീത് |
| സഹോദരങ്ങൾ | : | സതീഷ്, രാജൻ, സുനന്ദ |



മരണം: 27 – 08 – 2018

# ആദരാഞ്ജലികൾ

## 6–ാം ചരമവാർഷികം (27.08.2024)

### കണ്ണൂർ ചെറുകുന്ന് തെക്കേവീട്ടിൽ

## ടി.വി. ദേവിക്കുട്ടി

മുളങ്കുന്നത്തുകാവ്

| | | |
|---|---|---|
| ഭർത്താവ് | : | ആനായത്ത് പിഷാരത്ത് രാധാകൃഷ്ണപിഷാരോടി (Late) |
| മക്കൾ | : | ടി.വി. ഹരിദാസ്, ടി.വി. ജയലക്ഷ്മി (Late)<br>ടി.വി. സ്വർണ്ണകുമാരി, ടി.വി. ശ്രീരാജൻ |
| മരുമക്കൾ | : | പി.പി. ഗിരിജാകുമാരി, കെ.പി. വിജയൻ (അരിമ്പൂർ)<br>പി.പി. മുരളീധരൻ, സിന്ധു വി. |
| പേരക്കുട്ടികൾ | : | ഹേമ & ബിജു, ജലജകുമാരി & വിനോദ്,<br>ജയകുമാർ & ശ്രീകല, നിധിൻ, സച്ചിൻ & ഗ്രീഷ്മ<br>സഞ്ജയ് ശ്രീരാജ്, സന്ദീപ് ശ്രീരാജ്,<br>നിരഞ്ജൻ ദാസ്<br>പ്രണവ് വിനോദ് & ദേവ് വിനോദ് |
| സഹോദരങ്ങൾ | : | ടി.വി. ദാമോദരപിഷാരോടി (Late)<br>ടി.വി. നാരായണപിഷാരോടി (Late)<br>ക്യാപ്റ്റൻ ടി.വി. കേശവപിഷാരോടി (Late) |

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | മാ | | രശി | ഗുഭൃ | |
| | മമാ | | | | |
| ച<br>ബു<br>മ | ശി | ഗ്രഹാംശക<br>സ്ഥിതി | | ല | ല |
| | ഗു | | | സ | |
| | | കു | ഭൃ | രച<br>ബു | |
| | | സ | | കു | |

Proposals are invited from parents of Ambalavasi girls for a Warrier boy, aged 26, 172 cm height, B.A., LLB, Currently working as an Advocate at Ernakulam. Interested parents may contact:-

**Mob: 9388604736 / 9400547104**

ശിഷ്ടദശാ - 2 വർഷം, 6 മാസം, 5 ദിവസം രവിദശാ.

---

| | | | | | |
|---|---|---|---|---|---|
| | | | രസമാ | ല | |
| | | ലച | കു | ശിമാ | |
| | | ഗ്രഹനില<br>അകത്ത്<br>അംശകം<br>പുറത്ത് | | ബു | കു<br>മ |
| | മ | | | രഗു<br>ഭൃ | |
| | സ | | | | |
| | | ചബു<br>ഗുശി | ഭൃ | | |

Mumbai based Pisharody Boy, height 172 cms (DOB: 20-08-1992) working for the NHS in the UK, qualified as an MBA in Strategy seeking proposals from Pisharody/Ambalavasi girls. Star - Bharani.

**Contact No. 9967942126**

കൊല്ലവർഷം 1168-ാമാണ്ട് ചിങ്ങമാസം 4ന്, 1992 ആഗസ്റ്റ് 20ന് ഗുരുവാരെ അസ്തമനാൽ 8 നാഴിക 30 വിനാഴിക ചെന്ന സമയം IST 10:22 PM നു കൃഷ്ണപക്ഷ സപ്തമി തിഥിയും ധ്രുവ നാമനിത്യയോഗവും ഭരണി നക്ഷത്രം ചുർത്ഥപാദവും കൂടിയ സമയെ മേടലഗ്നെ കുമാരജനനം. ജനനശിഷ്ട ഭൃഗു ദശ: 1 വർഷം, 7 മാസം, 27 ദിവസം.

---

| | | | | | |
|---|---|---|---|---|---|
| | ചകു | ബു | | സ | |
| | മശി | | കുബു<br>ഭൃ | രച | |
| | | ഗ്രഹനില<br>അകത്ത്<br>അംശകം<br>പുറത്ത് | | | ഭൃ |
| | | | | | ല |
| | ഗു | ല | മാ | സ | |
| | ശി | | രഗു<br>മ | | |

Proposals are invited from parents of Pisharody/ Ambalavasy girl for a Pisharody boy, aged 28, 172 cm height, B.Tech, MBA, currently working as Asst. Manager, Operations at Byjus (since 6 years) in Bangalore. Interested parents may contact:-

**Mob: 9535469470 / 9742907335**

1171 മിഥുനമാസം 3നു, 1996 ജൂൺ മാസം 17നു തിങ്കളാഴ്ച തിരുവാതിര നക്ഷത്രം, പുരുഷ ജനനം. ജനനശിഷ്ട രാഹുദശ: 2-4-18-36.

| | | | |
|---|---|---|---|
| മശി | | | |
| | ഗ്രഹസ്ഥിതി | | |
| രഗു ച ബുഭൃ | | | |
| | മാ | ല | കുസ |

Proposals are invited from parents of Pisharody/ Ambalavasi girls who are doctors, for a Pisharody boy, 27 years, (DOB: 07.02.1997), 170 cm height, MBBS, presently studying for PG course in Radiology in Coimbatore. Interested parents may contact:

**Mob: 91-6238777234**

1172 മകരമാസം 25 നു, 1997 ഫെബ്രുവരി 7 വെള്ളിയാഴ്ച രാത്രി 11 മണി 31 മിനുട്ടിന് അവിട്ടം നക്ഷത്രം പുരുഷ ജനനം.

---

| | | | |
|---|---|---|---|
| മശി | | | |
| | ഗ്രഹസ്ഥിതി | | |
| രഗു ച ബുഭൃ | | | |
| | മാ | ല | കുസ |

Proposals are invited from parents of Pisharody/ Ambalavasi girls who are doctors, for a Pisharody boy, 27 years, (DOB: 07.02.1997), 165 cm height, MBBS, presently studying for PG course in Anaesthesiology in Mumbai. Interested parents may contact:

**Mob: 91-6238777234**

1172 മകരമാസം 25 നു, 1997 ഫെബ്രുവരി 7 വെള്ളിയാഴ്ച രാത്രി 11 മണി 25 മിനുട്ടിന് അവിട്ടം നക്ഷത്രം പുരുഷ ജനനം.

# ഡോ. ശ്രീലേഖ യൂണിവേഴ്സിറ്റി അക്കാദമിക് കൌൺസിൽ മെമ്പർ



**കാ**ലിക്കറ്റ് യൂണിവേഴ്സിറ്റി ഇലക്ട്രോണിക്സ് അക്കാദമിക് കൌൺസിൽ മെമ്പർ ആയി ഡോ. ശ്രീലേഖ തെരഞ്ഞെടുക്കപ്പെട്ടു.

ഇരുപത്തി നാല് വർഷമായി കോളേജ് അദ്ധ്യാപികയായി ജോലി നോക്കുന്ന ശ്രീലേഖ കഴിഞ്ഞ എട്ടു വർഷമായി താനൂർ ഗവൺമെന്റ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. പഠന കാലത്ത് ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദത്തിൽ ഒന്നാം റാങ്കും, തമിഴ്നാട് ഗവർണറിൽ നിന്ന് സ്വർണ്ണമെഡലും കരസ്ഥമാക്കിയിട്ടുള്ള ശ്രീലേഖ, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഫോട്ടോണിക്സിൽ ഗവേഷണം പൂർത്തിയാക്കിയാണ് ഡോക്ടറേറ്റ് എടുത്തത്.

വിവാഹശേഷവും ഗവേഷണം തുടരാൻ എല്ലാ പിന്തുണയും നൽകിയ ഇടയാർ കൈലാസപുരം പിഷാരത്തെ കെ. സതീഷ്കുമാർ ആണ് ഭർത്താവ്. നെല്ലായി “ശോഭനം” പിഷാരത്തെ (Late) കെ.പി. ഗോവിന്ദന്റേയും ശോഭനയുടേയും മകളാണ് ഡോ. ശ്രീലേഖ.

ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി മാളവിക, ബിരുദ വിദ്യാർത്ഥിനി മൈഥിലി എന്നിവർ മക്കളാണ്.

ഡോ. ശ്രീലേഖക്ക് പിഷാരോടി സമാജത്തിന്റെയും വെബ് സൈറ്റിന്റേയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ!

# ശാഖാവാർത്തകൾ

## കോട്ടയം

ശാഖയുടെ ജൂലൈ മാസ യോഗം 07-07-2024 നു ഏറ്റുമാനൂർ ശ്രീ. ആർ.ഹരികുമാരിന്റെ ഭവനമായ അശോകത്തു പിഷാരത്ത് വെച്ചു കൂടി. കൃഷ്ണദിയയുടെ ഈശ്വര പ്രാർത്ഥനക്ക് ശേഷം ഗൃഹനാഥൻ എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീ. എ.പി. അശോക് കുമാർ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ശാഖ വാർഷികവും കുടുംബസംഗമവും ഓഗസ്റ്റ് 11 നു പയ്യപ്പാടിയിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചതായി അറിയിച്ചു. ശാഖ രക്ഷാധികാരി മധുസൂധന പിഷാരടിയുടെ 80-ാം പിറന്നാൾ ആഘോഷം നടക്കുന്ന ഓഗസ്റ്റ് 11 നു (ഞായർ) മക്കൾ അവരുടെ ഭവനത്തിൽ ശാഖയുടെ വാർഷിക യോഗം നടത്തുവാനായി സന്നദ്ധത അറിയിക്കുകയും യോഗം ആഹ്ലാദപൂർവ്വം അംഗീകരിക്കുകയും ചെയ്തു.

സെക്രട്ടറി കഴിഞ്ഞ മാസ യോഗ റിപ്പോർട്ട് അവതരിപ്പിച്ചു. 2023-24 വാർഷിക കണക്കു ട്രഷറർ അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു. ഈ കണക്കു പ്രത്യേക സാഹചര്യത്തിൽ കേന്ദ്രം ആവശ്യപ്പെട്ടതനുസരിച്ചു കേന്ദ്രത്തിലേക്ക് നേരത്തെ തന്നെ അയച്ചു കൊടുത്തതായി സെക്രട്ടറി അറിയിച്ചു.

കേന്ദ്രം നൽകി വരുന്ന സ്കോളർഷിപ്പിന്റെയും, ശാഖ നൽകുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകളും ഉടൻ തന്നെ സെക്രട്ടറിക്കു അയച്ചു കൊടുക്കുവാൻ അംഗങ്ങളോട് യോഗം ആവശ്യപ്പെട്ടു. കഴകപ്രവൃത്തി ചെയ്യുന്നവർക്കുള്ള Accident Insurance Policy ശാഖയിൽ നിന്നും നേരത്തെ എടുത്തിട്ടുള്ള ഏഴു പേർക്ക് പുറമേ ഒരു അംഗവും കൂടി എടുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. 8 പേരുടെയും പ്രീമിയം തുകയും വിവരങ്ങളും അയച്ചു കൊടുക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

23-06-2024 നു 8 PMനു ഗൂഗിൾ മീറ്റ് വഴി കൂടിയ കേന്ദ്ര സംയുക്ത പ്രവർത്തക സമിതിയുടെയും കേന്ദ്ര നിർവ്വാഹക സമിതിയുടെയും സംയുക്ത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ സെ

## പ്രതികരണം

**തു**ളസീദളത്തിന്റെ കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും കാലക്രമേണ വന്നുകൊണ്ടിരിക്കുന്ന നല്ല മാറ്റങ്ങൾ കാണുന്നതിൽ അതിയായ സന്തോഷമുണ്ട്. എല്ലാ നിസ്വാർത്ഥ പ്രവർത്തകർക്കും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. പണ്ടേ സൂചിപ്പിച്ചിരുന്ന ഒരു എളിയ അഭിപ്രായമുണ്ട്. ആരുടെയെങ്കിലുമൊക്കെ പിടിപാടുള്ള പുസ്തക കടകളിൽ അഞ്ചോ പത്തോ കോപ്പികൾ വെക്കുന്നത് നന്നായിരിക്കുമോ? ആരെങ്കിലുമൊക്കെ വാങ്ങിയെങ്കിൽ തന്നെ അതൊരു സർക്കുലേഷൻ ആകും. മാത്രവുമല്ല കൂടുതൽ ഉള്ളടക്കം ഉണ്ടാകുവാൻ സഹായിച്ചേക്കാം. ആലോചിക്കുക.

ഇത്തരുണത്തിൽ സമാജം, സൊസൈറ്റി, ഗസ്റ്റ് ഹൗസ് എന്നിവയുടെ നിസ്വാർത്ഥ സംഘങ്ങൾക്കും ഒരു വലിയ സ്നേഹ നമസ്കാരം. മൂന്നു സെന്ററുകളിലുമുള്ള ചടങ്ങ് നടത്തിപ്പ് സഹോദരങ്ങളും അഭിനന്ദനമർഹിക്കുന്നു. നമ്മുടെ സമുദായത്തിന്റെ അഭിമാനസ്തംഭങ്ങളാണ് ഇവരും മുൻ പ്രവർത്തകരും.

**ഗോപിനാഥ് പിഷാരോടി, തിരുവനന്തപുരം.**

---

**ലേ**ഖകൻ വേണു വീട്ടിക്കുന്ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച 'കർക്കടകം എട്ട് കേകയപുത്രി'യിൽ പ്രസ്താവിച്ച പോലെ നമ്മുടെ ബുദ്ധിവക്രമായി ചിന്തിക്കാതിരിക്കാൻ നമ്മൾ രാമായണം വായന പതിവാക്കണം എന്ന് എല്ലാവരോടും അപേക്ഷിക്കുന്നു.

**രാഘവൻ എ.പി.**

---

**W**elcome the decision of Guruvayur Guest House concession. We know there are limited number of days a year when a contributor can use room(s) free at the Pisharody guest house in Guruvayur. If you can clarify who is eligible for this, it will help. I think the immediate family, children, their spouses and grandchildren must be the only people allowed.

**Anita Pisharody**

ക്രട്ടറി അവതരിപ്പിച്ചു. ഓഗസ്റ്റ് 15 നു കേന്ദ്ര സംയുകത പ്രവർത്തക സമിതി യോഗവും സെപ്റ്റംബർ 29 നു വാർഷിക പൊതുയോഗവും വിദ്യാഭ്യാസ അവാർഡ് വിതരണവും നടക്കുന്ന വിവരം ശാഖ അംഗങ്ങളെ അറിയിച്ചു.

PE&WS നൽകുന്ന പെൻഷൻ വർദ്ധിപ്പിക്കേണ്ടതിനെക്കുറിച്ചും കേന്ദ്രത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന നിയമാവലിയിലെ ഭേദഗതികളെ കുറിച്ചും യോഗം ചർച്ച ചെയ്തു. ശാഖയിൽ നിന്നും ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ നിക്ഷേപിച്ചിട്ടുള്ള തുക ഇനിയും തിരികെ മേടിക്കാത്തവർ ഉണ്ടെങ്കിൽ ഉടൻ തന്നെ FD Receipt സഹിതം കേന്ദ്ര പ്രസിഡണ്ടിനെയോ PP & TDT സെക്രട്ടറിയെയോ ബന്ധപ്പെടേണ്ടതാണെന്നു സെക്രട്ടറി അറിയിച്ചു.

പ്രത്യേക സാഹചര്യത്തിൽ ശാഖ നടത്തി വരുന്ന ക്ഷേമനിധി ഇപ്പോൾ നടക്കുന്നത് കഴിയുമ്പോൾ അടുത്തതു തുടങ്ങുന്നത് കേന്ദ്ര തീരുമാനം അനുസരിച്ചായിരിക്കുമെന്നു തീരുമാനിച്ചു.

ക്ഷേമനിധിയുടെയും തമ്പോലയുടെയും നറുക്കെടുപ്പിനു ശേഷം കെ.സി. രാധാകൃഷ്ണന്റെ കൃത്യഞ്ജതയോടെ യോഗം അവസാനിച്ചു.

## കോങ്ങാട്

ശാഖയുടെ യോഗം 13-07-2024നു പ്രസിഡണ്ട് പ്രഭാകരപിഷാരോടിയുടെ നേതൃത്വത്തിൽ രാവിലെ 10 മണിക്ക് സമാജം ശാഖാമന്ദിരത്തിൽ വച്ച് കൂടി. ആര്യ, അമേയ എന്നീ കുമാരിമാരുടെ പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ സജീവമായി അംഗങ്ങൾ പങ്കെടുത്തു. വന്നു ചേർന്ന എല്ലാവർക്കും ടി.പി. അച്യുതാനന്ദൻ സ്വാഗതം ആശംസിച്ചു. ഋഷിനാരദമംഗലം പിഷാരത്ത് ആർ. പി. രാധാമണി (കരിമ്പുഴ)യുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു. തൃശ്ശൂരിൽ കഥകളി പഠിപ്പിക്കുന്ന അനിൽകുമാറിന് (കണ്ണന്) പ്രത്യേകം അഭിനന്ദനങ്ങൾ രേഖപ്പെടുത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ രണ്ടുവർഷം കൂടുമ്പോൾ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ച് സംസാരിച്ചു. തുടർന്ന് സെക്രട്ടറി ഗീത കെ.പി. റിപ്പോർട്ടും ട്രഷറർ ചന്ദ്രശേഖര പിഷാരടി കണക്കും അവതരിപ്പിച്ചു. ഓണാഘോഷത്തെക്കുറിച്ചും നോട്ടീസ് അച്ചടിക്കുന്നതിനെപ്പറ്റിയും ശാഖാ ഭവനങ്ങളിൽ സന്ദർശനം നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. കെ.പി. ഗോവിന്ദൻ പിഷാരോടിയുടെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## എറണാകുളം

ശാഖയുടെ ജൂലൈ മാസത്തെ യോഗം ജൂലൈ 14ന് ശ്രീ. വിനോദ് കുമാറിന്റെ ചിറ്റൂരുള്ള വസതിയായ "ശ്രീ" യിൽ വച്ച് വൈകിട്ട് 3 മണിക്ക് നടന്നു. ഗൃഹനാഥ ശ്രീമതി സിന്ധു വിനോദ് കുമാർ ഭദ്രദീപം കൊളുത്തി. കുമാരി വേണിശ്രീ വിനോദ് കുമാറിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ശ്രീ. വിനോദ് കുമാർ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവരെയും സ്വാഗതം ചെയ്തു. പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരടി അദ്ധ്യക്ഷത വഹിച്ചുകൊണ്ട് യോഗത്തിലെ അംഗങ്ങളുടെ മികച്ച പങ്കാളിത്തം കാണുമ്പോൾ നല്ല സന്തോഷമുണ്ടെന്നറിയിച്ചു. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു അംഗീകരിച്ചു.

കേന്ദ്ര മെമ്പർഷിപ്പും തുളസീദളം വരിസംഖ്യയും ഈ സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിച്ചതായി ട്രഷറർ അറിയിച്ചു. തുടർന്ന് ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ പോകുന്ന മെമ്പർമാർക്ക് ഡിസ്കൗണ്ട് 15% ത്തിൽ നിന്നും 25% ആയി ഉയർത്തിയതായി അറിയിച്ചു. കൂടാതെ എല്ലാ ശാഖകൾക്കും വർഷത്തിൽ 5 A/C മുറികൾ ശാഖ മുഖാന്തരം പോകുന്ന അംഗങ്ങൾക്ക് സൗജന്യമായി നൽകുവാൻ തീരുമാനിച്ച വിവരവും അറിയിച്ചു. കഴകക്കാരുടെ ഇൻഷുറൻസ് കേന്ദ്രത്തിൽ കൊടുക്കാനുള്ളത് കൊടുക്കാൻ ഇൻഷുറൻസ് അംഗങ്ങളോട് നിർദേശിച്ചു. ശ്രീ. രഘുനാഥ് സതി ദമ്പതികളുടെ നാൽപ്പതാം വിവാഹ വാർഷികത്തോടനുബന്ധിച്ച് മധുരം വിതരണം ചെയ്തു.

CA പരീക്ഷയിൽ ഉന്നത വിജയം നേടിയ അജയ് പിഷാരടിയെ ശാഖ അഭിനന്ദിച്ചു. അജയ് താൻ പിന്നിട്ട വഴികളെകുറിച്ചും പഠിച്ച രീതികളെ കുറിച്ചും പറഞ്ഞതിന് ശേഷം മധുരം നൽകി ഏവർക്കും നന്ദി അറിയിച്ചു. സമാജം വരിസംഖ്യ വർദ്ധനവിന്റെ പശ്ചാത്തലത്തിൽ ഈ വർഷം മുതൽ അധികം വരുന്ന തുകയും കൂടി പിരിക്കാൻ തീരുമാനിച്ചു. ഓണാഘോഷം എങ്ങിനെ ആണു വേണ്ടത് എന്ന് ചർച്ചകൾ നടന്നു. മിനി മന്മഥന്റെ അച്ഛന്റെ സ്മരണാർത്ഥം നൽകി വരുന്ന ഡിഗ്രി പഠനത്തിനുള്ള ധനസഹായത്തിനു ശാഖയിൽ നിന്ന് ഈ വർഷം അപേക്ഷകൾ ഇല്ലാത്തതുകൊണ്ട് അത് കേന്ദ്രത്തിലേക്ക് നൽകി.

തുടർന്ന് വിവിധ ധനസഹായങ്ങൾ എന്തുകൊണ്ട് ശാഖയിൽ തന്നെ നൽകിക്കൂടാ എന്നൊരു അഭിപ്രായം ശ്രീ. സന്തോഷ് കുമാർ അവതരിപ്പിച്ചു. അങ്ങിനെ ഒരു പദ്ധതി നടപ്പാക്കുമ്പോൾ അതിനു ഒരു രൂപരേഖ തയ്യാറാക്കി അവതരിപ്പിക്കാൻ സീനിയർ അഡ്വക്കേറ്റ് ജയകുമാർ അഭിപ്രായപ്പെട്ടു. ഇത് ശാഖയുടെ തീരുമാനമായതിനാൽ കേന്ദ്രത്തിൽ ഇത് അറിയിക്കണമോയെന്നു

ഒരു സംശയവും, കൂടാതെ ബൈലോയിൽ ഇതിനു എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് ശ്രദ്ധിക്കണമെന്നും അറിയിച്ചു.

സെപ്റ്റംബർ 22ന് ഓണാഘോഷം രാവിലെ 10 മണി മുതൽ വർണ്ണാഭമായി നടത്താൻ തീരുമാനമായി. കുമാരി വേണിശ്രീയുടെ ഗാനവും, യാമിക സന്തോഷിന്റെ കുട്ടിപാട്ടും ഏവരെയും ആകർഷിച്ചു. ശ്രീമതി രമാദേവിയുടെ ആലപാനം ഏവരും ആസ്വദിച്ചു. മൂവർക്കും ഓരോ പ്രോത്സാഹനസമ്മാനം നൽകി. ശ്രീ. ടി.എൻ. മണിയുടെ കൃതജ്ഞതയോടെ യോഗം പര്യവസാനിച്ചു.

## ചൊവ്വര

ശാഖയുടെ 2024 ജൂലൈ മാസ യോഗം 14-07-24 ഞായറാഴ്ച 3.30 PM ന് പ്രസിഡണ്ട് ശ്രീ കെ. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ കുമാരി അശ്വതി ഉണ്ണി, മാസ്റ്റർ സിദ്ധാർഥ് ശ്രീജിത്ത് എന്നിവരുടെ ഈശ്വരപ്രാർത്ഥന, ശ്രീ. ശ്രീജിത്തിന്റെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. ഈയിടെ അന്തരിച്ച ശ്രീ. നാരായണൻകുട്ടി (മുളംകുന്നത്തുകാവ്), മറ്റു സമുദായ അംഗങ്ങൾ എന്നിവരുടെ സ്മരണയിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

പെൻഷൻ ഫണ്ടിലേക്ക് 10,000 രൂപ കൊടുത്ത ശ്രീ. എ.പി. രാഘവനെയും Masters of Physiotherapy യിൽ 2nd Rank നേടിയ ശ്രീമതി കീർത്തന അശ്വിനെയും യോഗം അനുമോദിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിന് ശേഷം കഴിഞ്ഞ മാസത്തെ റിപ്പോർട്ട് ശ്രീ. വിജയനും കണക്കുകൾ ശ്രീ. മധുവും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. തുടർന്ന് കേന്ദ്രപ്രസിഡണ്ട് ശ്രീ. ആർ. ഹരികൃഷ്ണ പിഷാരോടി, കെ.പി. രവി, കെ.എൻ. വിജയൻ, മറ്റു അംഗങ്ങൾ എന്നിവർ സമാജത്തിന്റെ വിവിധ വിഭാഗങ്ങളെ കുറിച്ച് ചർച്ചകൾ നടത്തി. തുളസീദളം ഓണപ്പതിപ്പിലേക്ക് ശാഖയിൽ നിന്നും പരമാവധി പരസ്യങ്ങൾ പിടിച്ചു കൊടുക്കുവാനും അഭ്യർത്ഥിച്ചു. ഒരു ശാഖയ്ക്ക് അഞ്ചു മുറികൾ മാറ്റി വെയ്ക്കുവാൻ ഗസ്റ്റ് ഹൗസ് കമ്മിറ്റി എടുത്ത തീരുമാനത്തെ യോഗം അഭിനന്ദിച്ചു. ശാഖയിലെ വിദ്യാഭ്യാസ അവാർഡുകളിലേക്കുള്ള അപേക്ഷകൾ എത്രയും പെട്ടെന്ന് സ്വീകരിക്കണമെന്നും അഭിപ്രായപ്പെട്ടു. ആക്സിഡന്റ് ഇൻഷുറൻസിലേക്ക് ശാഖയിൽ നിന്നുള്ളവരുടെ വിശദാംശങ്ങൾ കേന്ദ്രത്തിന് കൈമാറിയെന്ന് അറിയിച്ചു. ശ്രീ. ദാമോദര പിഷാരോടി ആശംസകൾ നേർന്നു സംസാരിച്ചു. തുടർന്ന് കുമാരി അശ്വതി ഉണ്ണികൃഷ്ണൻ ഒരു നൃത്തം അവതരിപ്പിച്ചു. മാസ്റ്റർ അനന്തകൃഷ്ണൻ Roubis Queeb ൽ വിദഗ്ദ്ധ പ്രകടനം നടത്തി. ദിവാകരൻ, കൃഷ്ണ കുമാർ എന്നിവർ ഗാനങ്ങൾ ആലപിച്ചു. ശ്രീ. ഹരിയുടെ നന്ദി പ്രകടനത്തോടെ യോഗം സമാപിച്ചു.

## മുംബൈ

ശാഖയുടെ 442-ാമത് ഭരണസമിതി യോഗം 21-07-2024 നു 10 AM നു ഗൂഗിൾ മീറ്റ് വഴി പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ. പി. വിജയന്റെ പ്രാർത്ഥനയോടെ യോഗം സമാരംഭിച്ചു. ഈയിടെ അന്തരിച്ച സമുദായാംഗങ്ങളുടെ പേരിൽ അനുശോചനം രേഖപ്പെടുത്തി.

സെക്രട്ടറി ടി.വി. മണിപ്രസാദ് അവതരിപ്പിച്ച മുൻ യോഗ റിപ്പോർട്ട്, ഖജാൻജി അവതരിപ്പിച്ച കണക്കുകൾ എന്നിവ യോഗം അംഗീകരിച്ചു.

ശ്രീ. ഗിരീഷ് നായർ, അനികേത് ഗിരീഷ് എന്നിവരുടെ ആജീവനാന്ത അഗത്വ അപേക്ഷകൾ ലഭിച്ചത് യോഗം പരിശോധിച്ച് അംഗീകരിച്ചു. ഗിരിഷ് നായർ, അനികേത് ഗിരീഷ്, ജയശ്രീ ഗിരീഷ് എന്നിവരുടെ PE & WS ആജീവനാന്ത അംഗത്വ അപേക്ഷകളും യോഗം അംഗീകരിച്ച് കേന്ദ്രത്തിലേക്ക് അയക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ശാഖയുടെ ഈ വർഷത്തെ വാർഷികാഘോഷങ്ങൾ ഡിസംബർ 8 ന് നടത്തുവാനും അതിന് Goregaon Ayappa Mandir Hall, Advance കൊടുത്ത് ബുക്ക് ചെയ്ത വിവരം ഖജാൻജി യോഗത്തെ അറിയിച്ചു. വാർഷികാഘോഷങ്ങളുടെ ഒരുക്കങ്ങൾ തുടങ്ങുവാൻ കൾച്ചറൽ വിങ്ങിനെ ചുമതലപ്പെടുത്തി തുടർന്ന് ജോ. സെക്രട്ടറിയുടെ നന്ദി പ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

* * * * * * * * * * * * * * *

ശാഖയുടെ 42-ാമത് വാർഷിക പൊതുയോഗം 21-07-2024 രാവിലെ 10.30 AM നു വീഡിയോ കോൺഫറൻസ് വഴി നടത്തി. ശാഖാ പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതി അദ്ധ്യക്ഷനായ യോഗത്തിൽ 45 ഓളം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു. ശ്രീമതി രാജേശ്വരി പ്രമോദിന്റ പ്രാർത്ഥനയോടെ തുടങ്ങിയ യോഗം കഴിഞ്ഞ ഒരു വർഷക്കാലയളവിൽ അന്തരിച്ച സമുദായാംഗങ്ങളുടെ പേരിൽ അനുശോചനം രേഖപ്പെടുത്തി. പ്രസിഡണ്ട് യോഗത്തിൽ സന്നിഹിതരായ എല്ലാ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു.

തുടർന്ന് സഭാ നടപടികളായ മുൻ യോഗ റിപ്പോർട്ട് അവതരണം, ശാഖയുടെ വാർഷിക റിപ്പോർട്ട് അവതരണം എന്നിവ സെക്രട്ടറിയും കണക്കവതരണം ഖജാൻജിയും നിർവ്വഹിച്ചു. യോ

ഗം അവയെല്ലാം അംഗീകരിച്ചു.

2024-2025 സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേണൽ ഓഡിറ്ററായി ശ്രീ. കെ. ഭരതനെ തിരഞ്ഞെടുത്തു. 2024-2025 സാമ്പത്തിക വർഷത്തേക്കുള്ള സ്റ്റാറ്റുട്ടറി ഓഡിറ്റർ ആയി M/s ഉണ്ണികൃഷ്ണൻ & കമ്പനിയെയും തിരഞ്ഞെടുത്തു.

കേന്ദ്ര പ്രസിഡണ്ട് ശ്രീ. ഹരികൃഷ്ണ പിഷാരോടിയും തുളസീദളം മാനേജൻ ശ്രീ. ആർ.പി. രഘുനന്ദനനും, ആശംസാ പ്രസംഗം നടത്തി. തുളസീദളം മാനേജർ, ഓണപ്പതിപ്പിന് കൂടുതൽ പരസ്യങ്ങൾ ശേഖരിച്ചു തരണമെന്ന് അഭ്യർത്ഥിച്ചു.

ഈ വർഷത്തെ ശാഖയുടെ വാർഷികാഘോഷങ്ങൾ ഡിസംബർ 8ന് ഗോരെഗാവിലെ അയ്യപ്പ ക്ഷേത്ര ഹാളിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു. കലാ വിഭാഗത്തെ അതിന്റെ ഒരുക്കങ്ങൾ തുടങ്ങുന്നതിനായി ചുമതലപ്പെടുത്തി. ശാഖ കഴിഞ്ഞ വർഷം നടത്തിയ ക്ഷേമ പ്രവർത്തനങ്ങളെ പറ്റി ഖജാൻജി യോഗത്തെ അറിയിച്ചു. ഈ വർഷവും ആവശ്യമുള്ള അംഗങ്ങൾക്ക് കഴിയുന്ന സഹായങ്ങൾ നൽകുന്നുണ്ടെന്നും അറിയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ, യുവാക്കളെ സമാജ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരേണ്ടതിനെപ്പറ്റിയും കൂടാതെ എല്ലാ അംഗങ്ങളെയും നമ്മുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കേണ്ട ആവശ്യകതയെപ്പറ്റിയും അതിനുള്ള വിവിധ വഴികളെ പറ്റിയും പര്യാലോചിച്ചു. സെക്രട്ടറിയുടെ നന്ദി പ്രകാശനശേഷം ദേശീയ ഗാനാലാപനത്തോടെ 12.30 മണിയോടെ യോഗം സമാപിച്ചു.

## കൊടകര

ശാഖയുടെ ജൂലൈ മാസത്തെ യോഗം 21.07.2024 നു 3 PM നു ആനായത്ത് പിഷാരത്ത് ശ്രീ. എ.പി. കൃഷ്ണകുമാറിന്റെ പുത്തുക്കാവിലുള്ള ഭവനമായ പുണർതത്തിൽ വച്ച് നടന്നു. അദ്വൈത് കൃഷ്ണകുമാറിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. മുൻ മാസത്തിൽ നമ്മെ വിട്ടു പിരിഞ്ഞ വിവിധ സമാജം അംഗങ്ങളുടെ ആത്മശാന്തിക്കായി മൗനം ആചരിച്ചു. ഗൃഹനാഥൻ ശ്രീ. കൃഷ്ണകുമാർ ഏവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡണ്ട് ശ്രീമതി ഉഷ ശ്രീധരൻ അദ്ധ്യക്ഷത വഹിച്ച് ശാഖാ പ്രവർത്തന പുരോഗതി, വിവിധ പ്രവർത്തനങ്ങൾ എന്നിവ വിശദീകരിച്ച് സംസാരിച്ചു. ജോ. സെക്രട്ടറി കൃഷ്ണകുമാരി കൃഷ്ണൻ അവതരിപ്പിച്ച ജൂൺമാസ റിപ്പോർട്ടും, ട്രഷറർ എം.പി. വിജയൻ അവതരിപ്പിച്ച കണക്കും യോഗം അംഗീകരിച്ചു. വിവിധ വിഷയങ്ങളിൽ നടന്ന ചർച്ചകളിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ശാഖയിൽ നിന്നും പിഷാരോടി സമാജം ടൂറിസം ആന്റ് പിൽഗ്രിമേജ് ട്രസ്റ്റ് ഗുരുവായൂരിലുള്ള അംഗങ്ങളുടെ ലിസ്റ്റ് പരിശോധനക്കും തുടർ നടപടിക്കും തീരുമാനിച്ചു. പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ ഭവന സന്ദർശനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു. കേന്ദ്രത്തിലെ വിവിധ വിഹിതം ഭാഗികമായി അടക്കുന്നതിന് നിർദ്ദേശിച്ചും എല്ലാവരുടയോും പൂർണ്ണസഹകരണം ആവശ്യപ്പെട്ടും അദ്ധ്യക്ഷ സംസാരിച്ചു. അദ്വൈത് കൃഷ്കുമാറിന്റെ കവിത സദസ്സ് ഹർഷാരവത്തോടെ സ്വീകരിച്ചു.

ശാഖയുടെ സെപ്തംബർ മാസത്തെ യോഗവും ഓണാഘോഷവും സെപ്തംബർ 22ന് നടത്തുവാൻ തീരുമാനിച്ചു. മഴ ശമിക്കുന്ന മുറക്ക് വിനോദയാത്ര/തീർത്ഥയാത്രയും ഗൃഹസന്ദർശനങ്ങളും നടത്തുന്നതിന് തീരുമാനിച്ചു. ഗൃഹനാഥയുടെ പിതാവ് ശ്രീ. വരദരാജ പിഷാരോടി അമ്പലങ്ങളുടെ പുനരുദ്ധാരണ ആവശ്യങ്ങളെ പറ്റി സംസാരിച്ചു. ചേലക്കര വെങ്ങാനെല്ലൂർ ഷാരത്തെ മാലതി, മകൾ സൗമ്യ, മരുമകൻ ദീപു എന്നിവരുടെ യോഗ ഗൃഹത്തിലെ സാന്നിധ്യം ഏറെ സന്തോഷം നൽകി. ടി.പി. രാമചന്ദ്രൻ യോഗനടത്തിപ്പിന് ഗൃഹത്തിലെ അംഗങ്ങൾക്കും, യോഗത്തിൽ ഹാജരായ ഏവർക്കും ഹൃദ്യമായ നന്ദി പ്രകാശിപ്പിച്ചു. ഫോട്ടോ സെഷന് ശേഷം യോഗം വൈകുന്നേരം 4.45 ന് അവസാനിച്ചു.

## തൃശൂർ

ശാഖയുടെ ജൂലൈ മാസ യോഗം 21-07-2024 ന് അഞ്ചേരി പിഷാരത്ത് ശ്രീ. ചന്ദ്രന്റെ ഭവനം, തൃശൂർ നളന്ദ അപ്പാർട്മെന്റ്സിൽ വെച്ച് പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീമതി രാജി ചന്ദ്രൻ, രോഹിണി നാരായണൻ എന്നിവരുടെ പ്രാർഥനയോടെ ആരംഭിച്ചു. ശ്രീമതി എ.പി. സരസ്വതി, ശ്രീമതി ഉഷ ചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ നാരായണീയം 3-ാമത് ദശകം എല്ലാവരും ചേർന്ന് ചൊല്ലി. ഗൃഹനാഥൻ ശ്രീ. ചന്ദ്രൻ ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ശ്രീ. എ.പി. ജയദേവൻ റിപ്പോർട്ടും ട്രഷറർ ശ്രീ. ആർ.പി. രഘുനന്ദനൻ കണക്കും അവതരിപ്പിച്ചത് കയ്യടികളോടെ പാസാക്കി. അന്തരിച്ച ചൊവ്വര കല്ലങ്കര പിഷാരത്ത് നാരായണൻ കുട്ടി, ടെംപിൾ ടവർ രാധ പിഷാരസ്യാർ എന്നിവരടക്കം ഇക്കഴിഞ്ഞ മാസക്കാലയളവിൽ ഈ ലോകം വിട്ടു പോയ എല്ലാ കുടുംബാംഗങ്ങളുടെയും വിയോഗത്തിൽ മൗനമായി എല്ലാവരും പ്രണാമമർപ്പിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രസിഡണ്ട് ശ്രീ. വിനോദ് കൃഷ്ണൻ കഴിഞ്ഞ മാസ

ത്തിലെ യോഗ തീരുമാന പ്രകാരം ശാഖയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മോഡൽ ഹോം ഫോർ ഗേൾസ്, പ്രത്യാശാഭവൻ, ആശാഭവൻ എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവിടത്തെ ആവശ്യങ്ങൾ അറിയുകയും ചെയ്ത വിവരം യോഗത്തെ അറിയിച്ചു. പിരിവ് കുറച്ചു കൂടി ഊർജ്ജിതമാക്കേണ്ടതുണ്ട്, രാമായണവായന പതിവ് പോലെ വളരെ നന്നായി നടന്നു കൊണ്ടിരിക്കുന്നു എന്നുമറിയിച്ചു. തുളസീദളം സെപ്റ്റംബർ ലക്കം ഓണപ്പതിപ്പായി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുള്ള വിവരം എഡിറ്റർ ശ്രീ. ഗോപൻ പഴുവിൽ അറിയിച്ചു. മുഴുവനും കളർ പേജുകളോടെ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കഴിയാവുന്ന പരസ്യങ്ങൾ സംഘടിപ്പിച്ച് തന്ന് ഓണപ്പതിപ്പിനെ വിജയിപ്പിക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചു.

കോവിഡ് കാലത്ത് വെബ്സൈറ്റും തുളസീദളവും ചേർന്ന് ഒൺലൈൻ വഴി ആരംഭിച്ച രാമായണ വായന പടിപടിയായി വളർന്ന് ഈ വർഷം 85 പേർ പങ്കെടുക്കുന്ന രീതിയിൽ ശ്രദ്ധേയമായിട്ടുണ്ട് എന്ന് ശ്രീ. കെ.പി. ഹരികൃഷ്ണൻ പറഞ്ഞു. ഏകദേശം 750 പേർ ഓൺലൈൻ വഴി അത് കാണുന്നുമുണ്ട്. നമ്മുടെ ശാഖയിൽ നിന്നും തുടക്കത്തിൽ ധാരാളം കുട്ടികൾ / യുവജനങ്ങൾ വായനയിൽ പങ്കെടുത്തിരുന്നു എങ്കിലും ഇപ്പോൾ വളരെ കുറച്ചു പേർ മാത്രമാണ് പങ്കെടുക്കുന്നത്. കൂടുതൽ കുട്ടികളെ ചേർക്കാനും അവരെ സജീവമാക്കാനും ശാഖ വഴി പ്രവർത്തനങ്ങൾ നേരിട്ട് നടത്തുകയോ അല്ലെങ്കിൽ അതിനു വേണ്ടി താൽപ്പര്യമുള്ളവരെ ചുമതലപ്പെടുത്തുകയോ ചെയ്യുന്നത് അഭികാമ്യമായിരിക്കും. വിദ്യാഭ്യാസ പുരസ്കാരങ്ങളും സ്ക്കോളർഷിപ്പുകളും കൊടുത്തു തുടങ്ങിയത് മുതൽ സമാജം എല്ലാവർക്കും താല്പര്യമുള്ള വിധം ശ്രദ്ധിക്കപ്പെട്ടു എന്നത് വസ്തുതയാണ്. എന്നാൽ വിതരണത്തിൽ കാലാനുസൃതം അനിവാര്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യത്തിൽ അൽപ്പം ഉദാസീനത സംഭവിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടതുണ്ടെന്ന് ശ്രീ. ഹരികൃഷ്ണൻ സൂചിപ്പിച്ചു. സമാജത്തിന്റെ ഏതു പരിപാടികളിലും ഉത്സാഹപൂർവ്വം പങ്കെടുക്കുന്ന കുട്ടികളെ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് നാൽപ്പതോളം കുട്ടികൾ രണ്ട് ദിവസം സജീവമായി ഉത്സാഹത്തോടെ പങ്കെടുത്ത പരിപാടിയായിരുന്നു ജ്യോതിർഗമയ. പങ്കെടുത്തതിന് അവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു. എന്നാൽ ഈ സർട്ടിഫിക്കറ്റുകൾക്ക് കൂടുതൽ മൂല്യമുണ്ടാകുന്നത് വിദ്യാഭ്യാസ പുരസ്കാര നിർണ്ണയം പോലെയുള്ള പ്രധാന പരിപാടികളിൽ അവർക്ക് പ്രത്യേക പരിഗണന നൽക്കുന്നത് ഭാവിയിൽ കൂടുതൽ കുട്ടികളെ കൂടി സമാജത്തിലേക്ക് ആകർഷിക്കാൻ


# തൃശൂർ ശാഖ വിദ്യാഭ്യാസ പുരസ്കാരങ്ങൾ

## അപേക്ഷകൾ ക്ഷണിക്കുന്നു

### പുരസ്ക്കാര വിതരണം 2024 സെപ്റ്റംബർ 22ന്

**ആസ്ഥാന മന്ദിരത്തിൽ നടക്കുന്ന ശാഖയുടെ ഓണാഘോഷത്തിൽ**

പ്രിയപ്പെട്ടരേ,

എല്ലാ വർഷവും തൃശൂർ ശാഖ നൽകി വരുന്ന വിദ്യാഭ്യാസ പുരസ്കാരങ്ങൾക്ക് 2023-24 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു, കൂടാതെ മറ്റു ഡിഗ്രി പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്കുകൾ/ഗ്രേഡ് നേടിയ എല്ലാ കുട്ടികൾക്കും അപേക്ഷിക്കാവുന്നതാണ്. അർഹരായ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ വെള്ളക്കടലാസ്സിൽ എഴുതിയ അപേക്ഷകൾ മാർക്ക് ലിസ്റ്റ് സഹിതം അയച്ചു തരേണ്ടതാണ്.

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 ഓഗസ്റ്റ് 25**

വിദ്യാഭ്യാസ പുരസ്ക്കാര വിതരണം 2024 സെപ്റ്റംബർ 22ന് സമാജം ആസ്ഥാന മന്ദിരത്തിൽ വെച്ച് നടക്കുന്ന തൃശൂർ ശാഖയുടെ ഓണാഘോഷത്തോടനുബന്ധിച്ച് നടത്തുന്നതാണ്.

വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക:-
**ശ്രീ. എ.പി. ജയദേവൻ (സെക്രട്ടറി) ഫോൺ: 9447776474**
**ശ്രീ. ആർ.പി. രഘു നന്ദനൻ (ട്രഷറർ) ഫോൺ 9892240547**

നന്ദിയോടെ,
എ.പി. ജയദേവൻ
സെക്രട്ടറി

സാധിക്കും. ഇത് തന്നെ രാമായണ വായനയിൽ പങ്കെടുക്കുന്നവർക്ക് കൂടി ബാധകമാവും. തൃശൂർ ശാഖയുടെ നേതൃത്വത്തിൽ എല്ലാ വർഷവും കുട്ടികൾക്ക് കൂടിച്ചേരാൻ ഒരു ദിവസം നൽകുന്നതും സമാജത്തിലേക്ക് എത്താൻ കൂടുതൽ കുട്ടികൾക്ക് പ്രചോദനമാവും എന്നും ഹരികൃഷ്ണൻ പറഞ്ഞു. വൈസ് പ്രസിഡണ്ട് ശ്രീ. എ. രാമചന്ദ്ര പിഷാരടി തൃശൂർ ശാഖയുടെ വിദ്യാഭ്യാസ പുരസ്കാരങ്ങൾ ഓണാഘോഷത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്നതാണ് എന്നറിയിച്ചു. ശാഖയിലെ അർഹരായ ഒരു കുട്ടി പോലും വിട്ടുപോകാതിരിക്കാൻ എല്ലാവരും ചേർന്ന് പരിശ്രമിക്കണം. വരിസംഖ്യ പിരിവ് എത്രയും പെട്ടെന്ന് തന്നെ തീർക്കണം. സമാജം ആസ്ഥാന മന്ദിരത്തിൽ കലാനിലയം അനിൽകുമാറിന്റെ ശിക്ഷണത്തിൽ നടന്നുകൊണ്ടിരിക്കുന്ന കഥകളി ക്ലാസ്സിലെ 6 വിദ്യാർത്ഥികളുടെ അരങ്ങേറ്റം ഈയിടെ അയ്യന്തോൾ കാർത്യായനി ക്ഷേത്രത്തിൽ വെച്ച് നടക്കുകയുണ്ടായി. ക്ലാസ്സുകൾ തുടങ്ങി വെറും 8 മാസത്തിനുള്ളിൽ അരങ്ങേറ്റം നടന്നു എന്നത് പ്രശംസനീയം. ആസ്ഥാന മന്ദിരത്തിൽ ചെണ്ട വാദന ക്ലാസ്സ് , യോഗ ക്ലാസുകൾ എന്നിവയും വളരെ ഗംഭീരമായി നടന്നു വരുന്നു. സ്റ്റേറ്റ് ലെവലിൽ കുട്ടികൾക്ക് വേണ്ടി നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഗോവിന്ദ് ഹരികൃഷ്ണനെ യോഗം അഭിനന്ദിച്ചു. സമാജം മുൻ ജനറൽ സെക്രട്ടറിയും പ്രസിഡണ്ടും രക്ഷാധികാരിയുമായ ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരോടി ഗോവിന്ദിനു വ്യക്തിപരമായി പ്രോത്സാഹന പുരസ്കാരം നൽകി. തുടർന്ന് ശ്രീ. ബാലകൃഷ്ണ പിഷാരോടി വിദ്യാഭ്യാസ പുരസ്ക്കാരങ്ങൾ ആവിർഭവിച്ച കാലത്തെ അനുഭവങ്ങൾ വിവരിച്ചു. വിശദമായ ചർച്ചയിൽ സർവ്വ ശ്രീ. കെ.പി. ബാലകൃഷ്ണ പിഷാരടി, കെ.പി.ഹരികൃഷ്ണൻ, ആർ.പി.രഘുനന്ദനൻ, രാമനാഥൻ, മോഹൻദാസ്, മണികണ്ഠൻ, ശ്രീമതി രഞ്ജിനി ഗോപി തുടങ്ങിയവർ പങ്കെടുത്തു.

**യോഗ തീരുമാനങ്ങൾ**

ഗസ്റ്റ് ഹൌസിൽ നിന്നും ശാഖക്ക് ലഭിച്ച ഒരുലക്ഷം രൂപയടക്കം ഇപ്പോൾ ശാഖയിൽ ഉള്ള തുക ബാങ്കിൽ ഫിക്സ്ഡ് ഡെപ്പോസിറ്റ് ഇടാൻ തീരുമാനമായി. ശാഖയുടെ ഈ വർഷത്തെ ഓണാഘോഷം 2024 സെപ്റ്റംബർ 22 ന് ആസ്ഥാന മന്ദിരത്തിൽ വെച്ച് നടത്താൻ തീരുമാനമായി.

മോഡൽ ഹോം ഫോർ ഗേൾസ്, പ്രത്യാശാ ഭവൻ എന്നിവിടങ്ങളിൽ അവർ ആവശ്യപ്പെട്ട തയ്യൽ മെഷീൻ, മറ്റു സാധനങ്ങൾ എന്നിവ നൽകാൻ തീരുമാനിച്ചു. യോഗത്തിൽ വെച്ച് തന്നെ പല അംഗങ്ങളും അവക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കാൻ തയ്യാറാണെന്ന് അറിയിച്ചു. ആവശ്യമായി വരുന്ന കൂടുതൽ തുക പിരിച്ചെടുക്കാനും തീരുമാനിച്ചു.

ജ്യോതിർഗമയ പോലുള്ള പഠനേതര വിഷയങ്ങളിലടക്കം സമാജത്തിൽ സജീവ സാന്നിദ്ധ്യവും നല്ല പ്രവർത്തനവും കാഴ്ച വെക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ പുരസ്ക്കാര നിർണ്ണയത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് കേന്ദ്ര കമ്മിറ്റിയോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. ക്ഷേമ നിധി നടത്തി. അടുത്ത മാസത്തെ യോഗം ആഗസ്റ്റ് 18ന് നടത്തുവാൻ തീരുമാനിച്ച്, ജോയിന്റ് സെക്രട്ടറി ശ്രീ. നാരായണ പിഷാരോടിയുടെ നന്ദിയോടെ യോഗം വൈകീട്ട് 5.30 ന് അവസാനിച്ചു.

## ഇരിങ്ങാലക്കുട

ശാഖയുടെ 2024 ജൂലായ് മാസത്തെ കുടുംബയോഗം 21-07-2024 നു 4 PMനു കാറളം ശ്രീ. രാജൻ പിഷാരോടിയുടെ വസതി, ത്രീ ബംഗ്ലാളാവിൽ വെച്ച് ശാഖാ പ്രസിഡണ്ട് ശ്രീമതി മായാ സുന്ദരേശ്വരന്റെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി ശ്രീകുമാരി മോഹൻ പിഷാരോടി ഈശ്വര പ്രാർത്ഥന ചൊല്ലി. കുടുംബനാഥൻ ശ്രീ. രാജൻ പിഷാരോടി യോഗത്തിനു എത്തി ചേർന്ന എല്ലാ അംഗങ്ങളെയും സ്വാഗതം ചെയ്തു. കഴിഞ്ഞ മാസക്കാലയളവിൽ അന്തരിച്ചവർക്കെല്ലാം മൗനപ്രാർത്ഥനയോടെ യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. അദ്ധ്യക്ഷ ഭാഷണത്തിൽ ശ്രീമതി മായാ സുന്ദരേശ്വരൻ 2024 സെപ്തംബർ 22ന് നടത്തുന്ന ശാഖയുടെ വാർഷികത്തിന്റെ കാര്യങ്ങളെക്കുറിച്ച് ആശയ വിനിമയം നടത്തി. ഈയിടെ സമുദായ അംഗങ്ങൾക്ക് കിട്ടിയ പുരസ്കാരങ്ങൾക്കും, അവാർഡുകൾക്കും ശാഖയുടെ പേരിൽ പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു. സെക്രട്ടറി സി.ജി.മോഹനൻ അവതരിപ്പിച്ച കഴിഞ്ഞ മാസത്തെ മിനിട്ട്സും ട്രഷറർ മോഹൻ ദാസ് അവതരിപ്പിച്ച വരവ്, ചിലവ് കണക്കുളും യോഗം പാസ്സാക്കി. 2024-25 വർഷത്തെ വരിസംഖ്യ പിരിവ് ഉർജ്ജിതമായി നടക്കുന്ന കാര്യം ട്രഷറർ യോഗത്തെ അറിയിച്ചു.

ശാഖയുടെ വാർഷികവും ഓണാഘോഷവും 22/09/2024 ഞായറാഴ്ച വിവിധ കലാ പരിപാടികളോടെ ഭംഗിയായി നടത്തുന്നതിന്റെ ഏകോപന ചുമതലയുള്ള ആരതി സോമനാഥൻ, പുഷ്പ മോഹൻ, മുരളി പിഷാരോടി എന്നിവർ വാർഷികത്തിൽ നടത്തുന്ന കലാപരി പാടികളുടെ ഒരു രൂപ രേഖ തയ്യാറാക്കി കഴിഞ്ഞതായി യോഗ

ത്തെ അറിയിച്ചു.

ശ്രീ. രാജൻ പിഷാരോടി PE&WS വഴി നടത്തുന്ന സ്കോളർഷിപ്പുകൾ, അവാർഡുകൾ, വിദ്യാഭ്യാസ ധനസഹായം എന്നിവയെപറ്റി വിശദമായി സംസാരിച്ചു. ഗുരുവായൂർ ഗസ്റ്റ് ഹൗസിൽ ശാഖയിലെ അംഗങ്ങളുടെ ട്രസ്റ്റ് മെംബർഷിപ്പ്, OYR, തുടങ്ങിയവ update ചെയ്ത് കഴിയുന്നത്ര വേഗത്തിൽ അയച്ചു കൊടുക്കുവാൻ യോഗം ശാഖാ സെക്രട്ടറിയെ ചുമതലപ്പെടുത്തി. യോഗത്തിന് വേണ്ട എല്ലാവിധ സൗകര്യങ്ങളും ചെയ്ത് തന്ന ശ്രീ. രാജൻ പിഷാരോടി, വത്സല രാജൻ കുടുംബത്തിനും, യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും മുരളി പിഷാരോടി നന്ദി പ്രകാശിപ്പിച്ചതോടെ യോഗം 6.15 ന് അവസാനിച്ചു.

## തിരുവനന്തപുരം

ശാഖയുടെ ജൂലൈ മാസ കുടുംബസംഗമം 21 ഞായറാഴ്ച നടന്നു. പൗർണമിക്കാവ്, ചെങ്കൽ, ആഴിമല ക്ഷേത്രങ്ങളിലേക്കുള്ള ഏകദിന പര്യടനത്തിനിടെയായിരുന്നു യോഗം. 17-ഓളം അംഗങ്ങൾ രാവിലെ 7 മണി മുതൽ വിവിധ ബോർഡിംഗ് പോയിന്റുകളിൽ നിന്ന് നിയുക്ത വാഹനത്തിൽ ചേർന്ന് എൻ.എച്ച്. ബൈപാസ് വഴി പൗർണ്ണമിക്കാവിലേക്ക് പോയി. പ്രസിഡണ്ട് ജെ.സി. പിഷാരടി പങ്കെടുത്ത എല്ലാവരെയും സ്വാഗതം ചെയ്യുകയും പര്യടനം ആസൂത്രണം ചെയ്തതനുസരിച്ച് നടത്തുന്നതിൽ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ അവാർഡുകൾക്കുള്ള അപേക്ഷകൾ ശാഖാ ശുപാർശ സഹിതം PE&WS ലേക്ക് കാലതാമസം കൂടാതെ ജൂലൈ 31നു മുമ്പായി കൈമാറാൻ അദ്ദേഹം അംഗങ്ങളോട് അഭ്യർത്ഥിച്ചു. ട്രഷറർ ശ്രീ. അനൂപ് പ്രതിമാസ അക്കൗണ്ട് വിവരങ്ങൾ അവതരിപ്പിച്ചു. സംയോജിത ഓഡിറ്റിങ്ങിനും ആദായനികുതി ഫയലിങ്ങിനുമായി കേന്ദ്ര ട്രഷറർക്ക് 2023-24 ലെ വരവ് ചെലവ് സ്റ്റേറ്റ്മെന്റും ബാങ്ക് സ്റ്റേറ്റ്മെന്റും അയച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പൗർണ്ണമിക്കാവ് ക്ഷേത്രത്തിൽ ദേവിയുടെയും ശനീശ്വരന്റെയും വിവിധ വിഗ്രഹങ്ങളും കാക്ക ശിൽപവും വളരെ ആകർഷകമായിരുന്നു. നെയ്യാറ്റിൻകരയിൽ പ്രഭാതഭക്ഷണത്തിനുശേഷം ചെങ്കൽ ശ്രീപരമേശ്വരൻ-ശ്രീപാർവ്വതി ക്ഷേത്രത്തിലേക്ക് വാഹനയാത്ര തുടർന്നു. ദർശനത്തിനു ശേഷം കൈലാസം, വൈകുണ്ഠം ശിൽപയാത്ര വളരെ ആവേശകരമായിരുന്നു. ആഴിമലയിലേക്കുള്ള മടക്കയാത്രയിൽ ശ്രീമതി. ശ്രീദേവി പിഷാരസ്യാർ ഭക്തിഗാനം ആലപിച്ചു. ആഴിമലയിലെ പ്രധാന ആകർഷണം ഗംഗാധരേശ്വരന്റെ പ്രതിമയും ക്ഷേത്രത്തിൽ നിന്നുള്ള കടൽ കാഴ്ചയുമാണ്. ട്രിവാൻഡ്രം ഹോട്ടലിലെ പത്മ കഫേയിൽ ഉച്ചഭക്ഷണത്തിന് ശേഷം നന്ദി പ്രകാശനം ശ്രീ. കെ.ജി. രാധാകൃഷ്ണൻ നിർവ്വഹിച്ച് , മൂന്നുമണിയോടെ യോഗവും പര്യടനവും അവസാനിപ്പിച്ച് അംഗങ്ങൾ നല്ല ഓർമ്മകളുമായി മടങ്ങി.

## മഞ്ചേരി

2024 ജൂലായ് മാസയോഗം 21-07-24 നു 10 AMനു പുലാമന്തോൾ ഡോ. വി.എം. വാസുദേവന്റെ വസതിയിൽവച്ച് അവാർഡ് ദാന സമ്മേളനമായി നടത്തി. ഉപാദ്ധ്യക്ഷൻ ഡോ.വാസുദേവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഗൃഹനാഥ ഡോ. തുളസി, നാരായണികുട്ടി പിഷാരസ്യാർ, വേണുഗോപാൽ വീട്ടിക്കുന്ന്, രജഗോപാലനുണ്ണി എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. കുമാരി ലക്ഷ്മിപ്രിയ പ്രാർത്ഥന ആലപിച്ചു.

ഡോ.വാസുദേവൻ ഏവർക്കും സ്വാഗതം പറഞ്ഞു. വേണു വീട്ടിക്കുന്ന് നാരായണീയ പാരായണം ചെയ്തു. ശാഖാംഗമായ വിളയിൽ മണികണ്ഠൻ, തിരുന്നാവായ സേതുമാധവ പിഷാരോടി, വട്ടെനാട്ട് രാധ പിഷാരസ്യാർ തുടങ്ങി അന്തരിച്ച സ്വജനാംഗങ്ങൾക്കും മറ്റു പ്രമുഖ വ്യക്തികൾക്കും രാജ്യരക്ഷാർത്ഥം വിരമൃത്യു വരിച്ച സൈനികർക്കും അനുശോചനം രേഖപ്പെടുത്തി.

**അനുമോദനവും അവാർഡ് വിതരണവും**

അദ്ധ്യക്ഷ പ്രസംഗത്തിൽ പ്രശസ്ത വിജയം

## PET - 2000 സംഭാവന

1. കെ. ഭരതൻ, മുംബൈ - 25,000
2. അജയ് നാരായണൻ കൂട്ടാല, മുംബൈ - 25,000
3. ടി.വി. മണിപ്രസാദ്, മുംബൈ - 25,000
4. വി.പി. മുരളീധരൻ, മുംബൈ - 25,000
5. പി. വിജയൻ, മുംബൈ - 25,000
6. എ.പി. രഘുപതി, മുംബൈ - 12,500
7. കുമാരി നവിക അജയ് പിഷാരോടി, പറളി - 2,000
8. കവളപ്പാറ സ്രാമ്പിക്കൽ പിഷാരത്ത് ലീല പിഷാരസ്യാരുടെ ശ്രാദ്ധ ദിനത്തോടനുബന്ധിച്ച് മക്കൾ പെൻഷൻ ഫണ്ടിലേക്ക് 2,000 രൂപ സംഭാവന നൽകിയിരിക്കുന്നു

എല്ലാവർക്കും നന്ദി അറിയിക്കുന്നു. **സെക്രട്ടറി, PE & WS**

# ആദരാഞ്ജലികൾ

**രാധാമണി**

ഋഷിനാരദമംഗലം പിഷാരത്ത് രാധാമണി (74) 04-07-2024നു നിര്യാതയായി. ഭർത്താവ്: എരിങ്ങോട്ട് തൃക്കോവിൽ പിഷാരത്ത് ഉണ്ണിക്കണ്ണൻ (മുൻ തുളസീദളം സബ്ബ് എഡിറ്റർ). മക്കൾ: പ്രസന്ന, ഹേമ, സന്തോഷ്. മരുമക്കൾ: രാമചന്ദ്രൻ, ശ്രീകുമാർ, ധന്യ.

**നാരായണൻകുട്ടി**

കല്ലങ്കര പിഷാരത്ത് നാരായണൻ കുട്ടി (68) 12-07-2024 നു നിര്യാതനായി. ഭാര്യ: മുളകുന്നത്ത് കാവ് പടിഞ്ഞാറേ പിഷാരത്ത് സീതാലക്ഷ്മി. മാതാപിതാക്കൾ: ആവണങ്കോട് പിഷാരത്ത് പരേതനായ രാമപിഷാരോടി-കല്ലങ്കര പിഷാരത്ത് പരേതയായ ശാരദ പിഷാരസ്യാർ. മകൾ: ലക്ഷ്മി (അശ്വതി). മരുമകൻ: വെങ്കടേഷ്. സഹോദരങ്ങൾ: ഭരതൻ, രാധാകൃഷ്ണൻ, രാമചന്ദ്രൻ.

**മണികണ്ഠൻ**

വിളയിൽ പിഷാരത്ത് മണികണ്ഠൻ (49) 16-07-2024നു നിര്യാതനായി. മാതാപിതാക്കൾ: വിളയിൽ പിഷാരത്ത് പരേതയായ ഭാഗ്യലക്ഷ്മി പിഷാരസ്യാരും, ചിറ്റാരി പിഷാരത്ത് പരേതനായ വിശ്വനാഥ പിഷാരോടിയും. സഹോദരൻ: മുരളീകൃഷ്ണൻ

**നാരായണിക്കുട്ടി**

കരിമ്പുഴ പഴയ പിഷാരത്ത് നാരായണിക്കുട്ടി (88) 30-07-2024നു നിര്യാതയായി. ഭർത്താവ്: ഇരിഞ്ഞാലക്കുട കൃഷ്ണപിഷാരത്ത് പരേതനായ രാമപിഷാരടി. മക്കൾ: നിർമ്മല, മോഹനൻ, സോമൻ. മരുമക്കൾ: രാധാകൃഷ്ണൻ ടി.വി., ഓമന എ.പി., മിനി എം.

**വൃന്ദ രാജൻ**

തൃശൂർ കിഴക്കേ തൊണ്ണങ്ങാമത്ത് പിഷാരത്ത് വൃന്ദ രാജൻ (63) 31-07-2024നു നിര്യാതയായി. ഭർത്താവ്: മഞ്ഞളൂർ പിഷാരത്ത് രാജൻ. മക്കൾ: ഉമാ സന്തോഷ്, താര അരുൺ. മരുമക്കൾ: അരുൺ കെ., സന്തോഷ്.

**കലാദേവി**

കാണിനാട് പുത്തൻ പിഷാരത്ത് കലാദേവി (62) 31-07-2024നു നിര്യാതയായി. ഭർത്താവ്: ഗോപാലകൃഷ്ണൻ. മക്കൾ: അരുൺകുമാർ, അജയ് കുമാർ, മരുമക്കൾ: വർഷ, അശ്വിനി. ●

---

നേടിയ കുട്ടികളെ അനുമോദിക്കുകയും തുടർക്കാല പഠനവും ജീവിതവും എങ്ങിനെ വേണമെന്ന ഉദ്ബോധനവും ചെയ്ത് സംസാരിച്ചു. ലോകത്തിനു തന്നെ രക്ഷകരമായ കാഴ്ചപ്പാടുകളെ സംഭാവന ചെയ്ത മഹത്തുക്കളുടെ പാരമ്പര്യം ഉൾക്കൊണ്ടും, കൊടുത്തും ബുദ്ധം ശരണം ഗച്ഛാമി, സംഘം ചരണം ഗച്ഛാമി തുടങ്ങിയ ധർമ്മബോധത്തിലൂന്നിയ സംസ്കാരത്തെ സംരക്ഷിക്കുവാൻ ഇത്തരത്തിലുള്ള വേളകൾ ആവശ്യവും നിലനിർത്തേണ്ടതുമാണെന്ന് പറഞ്ഞു കൊണ്ട് അവാർഡ് വിതരണത്തിന് തുടക്കം കുറിച്ചു.

ലക്ഷ്മിപ്രിയക്ക് ഡോ. വാസുദേവനും ഗായത്രിക്ക് ഡോ. തുളസിയും ശ്രേയക്ക് നാരായണിക്കുട്ടി പിഷാരസ്യാരും അവാർഡുകൾ നൽകി. കെ.പി. മുരളി ഏവരേയും വിശദമായി വേദിക്ക് പരിചയപ്പെടുത്തി. തുടർന്ന് സെക്രട്ടി കഴിഞ്ഞ മാസ റിപ്പോർട്ടും ട്രഷറർ സമാജമന്ദിര നിർമ്മാണം, തേക്ക് വിറ്റത് സംബന്ധിച്ച്, സമാജം കണക്ക് എന്നിവ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചതും യോഗം വിശദമായി ചർച്ച ചെയ്ത് പാസ്സാക്കി. സമാജം തുളസീദളം, ട്രസ്റ്റ് എന്നിവയുടെ വരിസംഖ്യ കിട്ടുന്ന സംഖ്യ മാത്രം കേന്ദ്രത്തിലേക്ക് അയച്ചാൽ മതിയെന്ന അഭിപ്രായം പരിഗണിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു. ഗുരുവായൂർ ഗസ്റ്റ് ഹൗസ് മെമ്പർമാരുടെ ലിസ്റ്റ് പരിശോധിച്ച് മരിച്ചവരെ ഒഴിവാക്കി പുതിയ ലിസ്റ്റ് തയ്യാറാക്കി ഗ്രൂപ്പിലിട്ട് എല്ലാവരേയും ബോധ്യപ്പെടുത്തി അയച്ചു കൊടുക്കുവാൻ തീരുമാനിച്ചു. പ്രസിഡന്റിന്റെ രാജി യോഗം അംഗീകരിക്കുകയും അടുത്ത ഭരണ സമിതി തിരഞ്ഞെടുപ്പുവരെ വൈ. പ്രസിഡന്റ് ഡോ. വാസുദേവന് പ്രസിഡന്റിന്റെ ചുമതല നൽകുവാനും കഴിഞ്ഞ യോഗതീരുമാനപ്രകാരം ഈ യോഗത്തിലും തീരുമാനിച്ചു. ആഗസ്റ്റ് 15ന് എല്ലാവർഷവും നടത്തിവരാറുള്ള സി.പി. നാരായണൻ (വന്ദന ഉണ്ണി) സ്മാരക രാമായണം ക്വിസ്സ് മത്സരം കൊളത്തൂരിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. മറ്റു വിഷയങ്ങൾ ഇല്ലാത്തതുകൊണ്ട് എൻ.എസ്സ്. അച്ചുതന്റെ നന്ദിയോടെ യോഗം അവസാനിച്ചു. ●

# ആദരാഞ്ജലികൾ



## കല്ലങ്കര പിഷാരത്ത്
## നാരായണൻ കുട്ടി (68)


(ആവണങ്കോട് പിഷാരത്ത് പരേതനായ രാമപിഷാരോടിയുടെയും
ചൊവ്വര കല്ലങ്കര പിഷാരത്ത് പരേതയായ ശാരദ പിഷാരസ്യാരുടെയും മകൻ)

ചരമം : 12 – 07 – 2024

**സന്തപ്ത കുടുംബാംഗങ്ങൾ:**

ഭാര്യ: മുളകുന്നത്തുകാവ് പടിഞ്ഞാറേ പിഷാരത്ത് സീതാലക്ഷ്മി.
മകൾ: ലക്ഷ്മി (അശ്വതി). മരുമകൻ: വെങ്കടേഷ്. പേരക്കുട്ടി: ഗൗതം
സഹോദരങ്ങൾ: ഭരതൻ, രാധാകൃഷ്ണൻ, രാമചന്ദ്രൻ

# എന്നും സ്മരണയിൽ





**എൻ. രാമപിഷാരടി**
ആവണങ്കോട് പിഷാരം
ചരമം: 31-08-2008

**കെ. ശാരദപിഷാരസ്യാർ**
കല്ലങ്കര പിഷാരം (ചൊവ്വര)
ചരമം: 17-06-2016

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| നാരായണൻകുട്ടി (Late) | സീതാലക്ഷ്മി | അശ്വതി |
| ഭരതൻ | ജയ | ശ്രീകാന്ത്, വൈശാഖ് |
| രാധാകൃഷ്ണൻ | ശ്രീദേവി | രാഹുൽ |
| രാമചന്ദ്രൻ | ബിന്ദു | ദിവ്യ |

**THULASEDALAM**

RNI Reg: No.36078/1981
Published on 07-08-2024

Posted at RMS, Thrissur

August 2024, Price-15.00

SARO JA NURSING HOME
THRISSUR

# SAROJ HOME CARE

A UNIT OF SAROJA NURSING HOME



## ആരോഗ്യ സംരക്ഷണം നിങ്ങളുടെ വീട്ടിലേക്ക്

നിങ്ങളുടെ പ്രിയപ്പെട്ടവർക്ക്
നിങ്ങൾ കൊടുക്കുന്ന
സ്നേഹ സംരക്ഷണം പോലെ

## തൃശ്ശൂരിലെ പ്രധാന സ്ഥലങ്ങളിൽ സേവനം

- വീട്ടിൽ പരിശോധന
- പിക്കപ്പ് സംവിധാനം
- ഡോക്ടറുടെ സേവനം വീടുകളിൽ
- എമർജൻസി 24x7 പിക്ക് അപ്പ്

അപ്പോയ്ന്റ്മെന്റിനായി
വിളിക്കുക/വാട്സാപ്പ് ചെയ്യുക

+91 81380 19090

Printed and Published by Sri. K.P. Gopakumar, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. A.P. Saraswathy